LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2017 ഒക്ടോബർ വാല്യം 2 ലക്കം 10

## Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ





# ന്യായപ്രമാണം പൂർത്തീകരിക്കാൻ കൃപയ്ക്കധീനരായാലും!

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

ക്രൈസ്തവാദ്ധ്യാത്മികതയിൽ രക്ഷ എന്നത് കൃപയാലാണെന്ന് അതിനെ വിമർശിക്കുന്നവർ പോലും സമ്മതിക്കാതിരിക്കില്ല. “കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിന് നിങ്ങളും കാരണമല്ല; ദൈവത്തിന്റെ ദാനമത്രേ ആകുന്നു” (എഫേ.2:8) എന്ന് ബൈബിൾ പഠിപ്പിക്കുന്നതുകൊണ്ടാണ് രക്ഷ എന്നത് കൃപയാലാണെന്ന് പറയുവാൻ കഴിയുന്നത്. ഇക്കാരണത്താൽ ന്യായപ്രമാണഗ്രന്ഥങ്ങൾ വായിക്കേണ്ടതില്ല എന്നോ പഴയനിയമ വ്യവസ്ഥകൾ പാലിക്കേണ്ടതില്ല എന്നോ ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അത് ദുരുപദേശമാണ്. “ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്ന് (ക്രിസ്തു) നമ്മെ വിലയ്ക്കുവാങ്ങി” എന്ന് ഗലാ.3:13–ന്റെ 2–ാം ഭാഗത്തുള്ളതുതന്നെയാണ്. മാത്രമല്ല, റോമ.6:14–ൽ നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ” എന്നും വചനം ഉണ്ടെന്നുള്ളതും നേര് തന്നെയാണ്.

പക്ഷേ ഞാൻ ഒന്ന് ചോദിക്കട്ടെ, ദൈവം 10 സുപ്രധാന പ്രമാണങ്ങളും 1000–ത്തോളം സഹനിയമങ്ങളും തരികയും അത് യുഗങ്ങൾ മാറുമ്പോൾ, പില്ക്കാലത്ത് മാറ്റപ്പെടുകയും ചെയ്യുമോ? അങ്ങനെ വന്നാൽ അത് തന്നെ ദൈവത്തിന്റെ ദൈവത്വത്തെ ചോദ്യം ചെയ്യുവാനുള്ള ആയുധമാവുകയില്ലേ. ഏതു കാലത്തും ദൈവം അനന്യനും (എബ്രാ.13:8) മാറ്റമില്ലാത്തവനുമാകുന്ന പോലെ ദൈവത്തിന്റെ പ്രമാണങ്ങൾക്കും മാറ്റമില്ല. ജഡത്താലുള്ള ബലഹീനത നിമിത്തം ന്യായപ്രമാണത്തിന് കഴിയാത്തതിനെ (സാധിപ്പാൻ) ദൈവം തന്റെ പുത്രനെ പാപജഡത്തിന്റെ സാദൃശ്യത്തിലും പാപം നിമിത്തവും അയച്ചു” എന്ന് റോമ.8:3–ൽ പഠിപ്പിക്കുന്നു, അപ്പൊസ്തലനായ പൗലൊസ്. അതിന്റെയർത്ഥം ന്യായപ്രമാണം ബലഹീനമാണെന്നാണൊ? ഒരിക്കലുമല്ല. ന്യായപ്രമാണങ്ങളെ അനുസരിക്കുവാൻ കഴിയാത്ത ജഡത്തിന്റെ ബലഹീനതയാണ് പൗലൊസ് ഇവിടെ വ്യക്തമാക്കുന്നത്.

പഴയനിയമത്തിൽ വെളിപ്പെടുത്തപ്പെട്ടവനും പുതിയനിയമത്തിൽ പൂർത്തീകരിക്കപ്പെട്ടവനുമായ ക്രിസ്തുവിനെയാണ് ഒരു ക്രിസ്ത്യാനി അനുഗമിക്കേണ്ടതും മാതൃകയാക്കേണ്ടതും. അല്ലാതെ പുതിയനിയമത്തിൽ മാത്രം അനാവരണം ചെയ്യപ്പെടുന്ന ക്രിസ്തുവിനെയല്ല. സാക്ഷാൽ ക്രിസ്തുവിന്റെ ജനനവും, ജീവിതവും, മരണവും, പുനരുത്ഥാനവും, സ്വർഗ്ഗാരോഹണവും, പൗരോഹിത്യശുശ്രൂഷയും എന്തിനേറെ വീണ്ടുംവരവുപോലും പഴയനിയമത്തിൽ എഴുതപ്പെട്ടിട്ടുണ്ട്, നേരിട്ടും പ്രതീകാത്മകമായും. പഴയനിയമ തിരുവെഴുത്തുകൾ കൂടാതെ യേശുക്രിസ്തു യേശുക്രിസ്തു ആയാൽ ഏലിയാവിനെപ്പോലെ മറ്റൊരു പ്രവാചകൻ വരെ ആയേക്കും; ഒരിയ്ക്കലും ദൈവമാകാൻ കഴിയില്ല. പഴയനിയമത്തിലെ ക്രിസ്തുദർശനം ഇല്ലാത്തതുകൊണ്ടാണ് യുക്തിവാദികളും ഖുറാൻ തല്പരരും ക്രിസ്തുവിനെ ഒരു

(ശേഷം 4–ാം പേജിൽ)

## Contents


എഡിറ്റോറിയൽ ..........2,4,6,8
ദൈവരാജ്യം ..........3,5,7,9-15
ആരാധനാ കേന്ദ്രങ്ങളും ശുശ്രൂഷകരും.......... 16-21
ദൈവരാജ്യം ..........22-33
സാക്ഷ്യങ്ങൾ..........26,27
വാർത്തകൾ ..........34
പ്രോഗ്രാം കലണ്ടർ ..........35




## ദൈവരാജ്യത്തെ ആത്മാവിൽ അനുഭവിക്കാൻ കഴിയുമൊ?

### നല്ല ഭാഗം തിരഞ്ഞെടുക്കണം

**മ**ാർത്തയെയും മറിയയെയും നമുക്കേവർക്കും പരിചയമാണ്. മറിയ കർത്താവിന്റെ കാൽക്കൽ ഇരുന്ന് അവന്റെ വചനം കേട്ടുകൊണ്ടിരുന്നു എന്നാണ് ലൂക്കോ.10:39-ൽ എഴുതിയിരിക്കുന്നത്. മാർത്തയൊ വളരെ ശുശ്രൂഷയാൽ കുഴങ്ങിയിട്ട് അടുക്കെ വന്നിട്ട്, ലൂക്കോ. 10:40-ൽ "കർത്താവെ, എന്റെ സഹോദരി ശുശ്രൂഷയ്ക്ക് എന്നെ തനിച്ച് വിട്ടിരിക്കുന്നതിൽ നിനക്ക് വിചാരമില്ല യോ? എന്നെ സഹായിപ്പാൻ അവളോട് കല്പിച്ചാലും". ലൂക്കോ.10:41-ൽ "കർത്താവ് അവളോട്: മാർത്തയെ, മാർത്തയെ, നീ പലതിനെ ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു". 42-ൽ "എന്നാൽ അല്പമെ വേണ്ടു; അല്ല ഒന്നു മതി: മറിയ നല്ല അംശം തിരെഞ്ഞെടുത്തി രിക്കുന്നു. അത് ആരും അവളോട് അപഹരിക്കുകയുമില്ല". തിരക്കുപിടിച്ച പ്രവൃത്ത്യുന്മുഖ സുവിശേഷത്തെക്കാൾ പ്രശാന്തമായ വചനശ്രവണമനനാനന്തര പ്രാർത്ഥനയെയാണ് കർത്താവിനിഷ്ടം.

ലാസറിന്റെ സഹോദരി മറിയ വചനം കേട്ട് പഠിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്നു. മറിയയെപ്പോലെ ആരെല്ലാം വചനം പഠിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുവോ, അവരെയൊക്കെയും യേശു പഠിപ്പിക്കുക തന്നെ ചെയ്യും. യേശു ഒരിയ്ക്കലും ആരെയും വന്നിരുന്ന് വചനം പഠിക്ക് എന്നു പറഞ്ഞ് നിർബന്ധിച്ച് പിടിച്ചിരുത്തി പഠിപ്പിക്കുകയില്ല.

സൗമ്യതയുടെയും താഴ്മയുടെയും വിശുദ്ധിയുടെയും വിശ്വാസത്തിന്റെയും പരിശുദ്ധാത്മനിറവിന്റെയും മനസ്സ് ഏതേത് ശിഷ്യന്മാർക്കും ശിഷ്യകൾക്കും ഉണ്ടോ അവരെയെല്ലാം പഠിപ്പിക്കുവാൻ യേശു എപ്പോഴും തയ്യാറാണ്. സൗമ്യതയും വിശുദ്ധിയും വിശ്വാസവും പരിശുദ്ധാത്മനിറവും ഒന്നിച്ചുകൂടുമ്പോൾ അവിടെ സ്നേഹം ജീവിക്കുകയും സ്നേഹത്തിൽ ജീവിക്കുകയും സ്നേഹം വളരുകയും ചെയ്യും.

### ഹൃദയം ഉള്ളിൽ കത്തണം

ഗുരുമൊഴികൾ കേട്ട ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ സ്നേഹത്തിന്റെ ജ്വാലകൾ ഉയർന്നതിനെപ്പറ്റി ലൂക്കോ.24:32-ൽ നാം ഇങ്ങനെ വായിക്കുന്നു. "അവൻ വഴിയിൽ നമ്മോട് സംസാരിച്ച് തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെയുള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ'' എന്ന് അവർ തമ്മിൽ പറഞ്ഞു.

എന്താണ് ഹൃദയം കത്തുക എന്നു പറയുന്നത്. സ്നേഹം കൊണ്ട് തിളച്ചുമറിയുക എന്നാണ്. കാപട്യമില്ലാത്ത യാതൊരു ഒളിച്ചുകളിയുമില്ലാത്ത സ്നേഹംകൊണ്ട് നിറയുക, നിറഞ്ഞുകവിഞ്ഞൊഴുകുക.

(ശേഷം 5-ാം പേജിൽ)


## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ

# ന്യായപ്രമാണം പൂർത്തീകരിക്കാൻ കൃപയ്ക്കധീനരായാലും!

## എഡിറ്റോറിയൽ

## ദേവസ്യാ മുല്ലക്കരസാർ

(2-ാം പേജിൽ നിന്നും തുടർച്ച)

'മലക്ക്'ആയി മാത്രം കാണുന്നത്. പഴയനിയമത്തിലെ ക്രിസ്തുദർശനമില്ലാതെ പോയവരാണ് ഫരിസേയരുൾപ്പെടെയുള്ള യഹൂദന്മാർ. അവർ ക്രിസ്തുവിനെതിരായതുകൊണ്ടാണ്, പഴയനിയമത്തിലെ മിശിഹായെ തിരിച്ചറിയാത്തതുകൊണ്ടാണ്, യേശു മിശിഹാ അല്ലെന്ന ധാരണയിൽ വധിച്ചത്. യേശുക്രിസ്തുവിനെ ദൈവപുത്രനെന്നോ മിശിഹാ എന്നോ അംഗീകരിക്കുവാൻ ഒരാൾക്ക് കഴിയുന്നുവെങ്കിൽ അവിടുത്തെക്കുറിച്ചെഴുതിയിരിക്കുന്ന ന്യായപ്രമാണവും അംഗീകരിച്ചിരിക്കും.

മത്താ.5:17,18 കുറിയ്ക്കാം. "ഞാൻ ന്യായപ്രമാണത്തെയൊ പ്രവാചകന്മാരെയൊ നീക്കുവാൻ വന്നു എന്ന് നിരൂപിക്കരുത്. നീക്കുവാനല്ല നിവർത്തിക്കുവാനത്രെ ഞാൻ വന്നത് എന്ന് സത്യമായിട്ട് ഞാൻ നിങ്ങളോട് പറയുന്നു. ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലതും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽ നിന്ന് ഒരു വള്ളിയെങ്കിലും പുള്ളിയെങ്കിലും ഒരുനാളും ഒഴിഞ്ഞുപോവുകയില്ല." ഈ തിരുവചനങ്ങൾ പഴയനിയമ പുതിയനിയമ വചനങ്ങളുടെ ആധികാരികതയെ ഉയർത്തുമ്പോൾ "തിരുവെഴുത്തിന് നീക്കം വന്നുകൂടാ" (യോഹ.10:35) എന്നും കൂടി പറഞ്ഞ് പഴയനിയമത്തിന്റെ ആധികാരികതയെ കൂടുതൽ അരക്കിട്ടുറപ്പിക്കുകയാണ്. മർക്കോ.7:1-13 വചനങ്ങളിൽ യഹൂദന്മാരുടെ പാരമ്പര്യസ്വഭാവത്താൽ ന്യായപ്രമാണത്തെ ദുർബലമാക്കുകയും തെറ്റായി വ്യാഖ്യാനിക്കുകയും പഠിപ്പിക്കുകയും ചെയ്തതിനെ കർത്താവ് ചോദ്യം ചെയ്യുന്നത് കാണണ്ടേ?

യെരുശലേമിൽ നിന്ന് പരീശന്മാരും ചില ശാസ്ത്രിമാരും അവന്റെ അടുക്കൽ വന്നുകൂടി. അവന്റെ ശിഷ്യന്മാരിൽ ചിലർ ശുദ്ധിയില്ലാത്ത എന്നുവെച്ചാൽ, കഴുകാത്ത, കൈകൊണ്ട് ഭക്ഷണം കഴിക്കുന്നത് അവർ കണ്ടു. പരീശന്മാരും യഹൂദന്മാരൊക്കെയും പൂർവ്വന്മാരുടെ സമ്പ്രദായം പ്രമാണിച്ച് കൈ നന്നായി കഴുകിയിട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല. ചന്തയിൽ നിന്നുവരുമ്പോഴും കുളിച്ചിട്ടല്ലാതെ ഭക്ഷണം കഴിക്കുകയില്ല. പാനപാത്രം, ഭരണി, ചെമ്പ് എന്നിവ കഴുകുക മുതലായി പലതും പ്രമാണിക്കുന്നത് അവർക്ക് ചട്ടമായിരിക്കുന്നു. അങ്ങനെ പരീശന്മാരും ശാസ്ത്രിമാരും: നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം അനുസരിച്ച് നടക്കാതെ ശുദ്ധിയില്ലാത്ത കൈകൊണ്ട് ഭക്ഷണം കഴിക്കുന്നത് എന്ത് എന്ന് അവനോട് ചോദിച്ചു. അവൻ അവരോട് ഉത്തരം പറഞ്ഞത്: "കപടഭക്തിക്കാരായ നിങ്ങളെക്കുറിച്ച് യെശയ്യാവ് പ്രവചിച്ചത് ശരി: ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽ നിന്ന് ദൂരത്തകന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ. നിങ്ങൾ ദൈവകല്പന വിട്ടു കളഞ്ഞ് മനുഷ്യരുടെ സമ്പ്രദായം പ്രമാണിക്കുന്നു". പിന്നെ അവരോട് പറഞ്ഞത് : "നിങ്ങളുടെ സമ്പ്രദായം പ്രമാണിപ്പാൻവേണ്ടി നിങ്ങൾ ദൈവകല്പന തള്ളിക്കളയുന്നത് നന്നായി. നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക എന്നും അപ്പനെയൊ അമ്മയെയൊ പ്രാകുന്നവൻ മരിക്കേണം എന്നും മോശെ പറഞ്ഞുവല്ലോ. നിങ്ങളൊ ഒരു മനുഷ്യൻ അപ്പനോടൊ അമ്മയോടൊ: നിനക്ക് എന്നാൽ ഉപകാരമായി വരേണ്ടത് വഴിപാട് എന്നർത്ഥമുള്ള കൊർബ്ബാൻ എന്നു പറഞ്ഞാൽ മതി എന്നു പറയുന്നു. തന്റെ അപ്പനൊ അമ്മയ്ക്കൊ മേലാൽ ഒന്നും ചെയ്യാൻ അവനെ സമ്മതിക്കുന്നുമില്ല. ഇങ്ങനെ നിങ്ങൾ ഉപദേശിക്കുന്ന സമ്പ്രദായത്താൽ ദൈവകല്പന ദുർബ്ബലമാക്കുന്നു; ഈ വക പലതും നിങ്ങൾ ചെയ്യുന്നു.

ക്രിസ്തു പഴയനിയമം തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു; പ്രത്യേകിച്ചും പഴയനിയമത്തിൽ തന്നെക്കുറിച്ച് എഴുതിയിട്ടുണ്ടെന്ന വസ്തുതാപരമായ കാര്യം. "അവൻ വഴിയിൽ നമ്മോട് സംസാരിച്ച് തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെയുള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ? എന്ന് അവർ തമ്മിൽ പറഞ്ഞു" (ലൂക്കോ.24:32) മാത്രമല്ല 44-ാം വാക്യത്തിൽ "മോശെയുടെ ന്യായപ്രമാണത്തിലും പ്രവാചക പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ചെഴുതിയിരിക്കുന്നതൊക്കെയും നിവൃത്തിയാകേണം എന്നുള്ളതു തന്നെ എന്നു പറഞ്ഞു, തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിന് അവരുടെ ബുദ്ധിയെ തുറന്നു. ക്രിസ്തു കഷ്ടമനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽ നിന്നുയിർത്തെഴുന്നേൽക്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകല ജാതികളിലും

(ശേഷം 6-ാം പേജിൽ)

## Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

(3-ാം പേജിൽ നിന്നും തുടർച്ച)

ശീമോൻ പത്രോസ് അവനോട്: "കർത്താവെ ഞങ്ങൾ ആരുടെ അടുക്കൽ പോകും? നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കൽ ഉണ്ടല്ലൊ"? (യോഹ.6:68).

നിത്യജീവന്റെ ഉടമയായ യേശുവിനോടുള്ള സ്നേഹമാണ് ശിഷ്യന്മാരെ തടഞ്ഞുനിർത്തിയത്. യേശുവിനെ വിട്ടുപിരിയുവാൻ മനസ്സില്ലാത്ത ശിമോനും കൂട്ടരും വചനവിദ്യാർത്ഥികളായി തുടരുകയും ആ സ്നേഹം നുകർന്ന് നുകർന്ന് സ്നേഹമായി പരിണമിക്കുകയും അവരോരുത്തരും മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടുകയും ചെയ്തു.

**യോഹന്നാൻ സ്നാപകൻ**

യേശുവിന് മുന്നോടിയായി ചരിത്രത്തിൽ സ്ഥാനം പിടിച്ച യോഹന്നാൻ സ്നാപകൻ മർക്കോ.1:7-ൽ "എന്നിലും ബലമേറിയവൻ എന്റെ പിന്നാലെ വരുന്നു; അവന്റെ ചെരിപ്പിന്റെ വാർ കുനിഞ്ഞഴിപ്പാൻ ഞാൻ യോഗ്യനല്ല" എന്നു പറഞ്ഞു. ഞാൻ യോഗ്യനല്ല യേശുവെ, എന്നു പറയുവാനും പാടുവാനും ശിഷ്യന്മാർക്കെന്നും ഇഷ്ടമാണ്. യഥാർത്ഥ ശിഷ്യന്മാർ ഹൃദയംകൊണ്ടും അഭിനയശിഷ്യന്മാർ അധരംകൊണ്ടും ആയിരിക്കും എന്നുമാത്രം. സ്വർഗ്ഗരാജ്യം സമീപിച്ചിരി ക്കയാൽ മാനസാന്തരപ്പെടുവിൻ എന്ന് മത്താ.3:2-ലും മാനസാന്തരത്തിന് യോഗ്യമായ ഫലം കായ്ക്കുവിൻ എന്ന് മത്താ.3:8-ലും യോഹന്നാൻ സ്നാപകൻ പറഞ്ഞത് പാപസങ്കുലിതമായ സമൂഹമതജാഡകൾക്കെതിരെയുള്ള യോഹന്നാൻ സ്നാപകന്റെ സിംഹഗർജ്ജനം ആയിരുന്നു.

നമ്മുടെ കർത്താവും ഗർജ്ജിച്ചു: മർക്കോ.1:14,15-ൽ: "കാലം തികഞ്ഞു; ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിപ്പിൻ." വിശ്വാസത്തിൽ നാം എത്ര വളർന്നാലും ഈ ആത്മീയ ഗർജ്ജനത്തിന്റെ സാരാംശത്തിൽനിന്നും ആരു മാറുന്നുവൊ അവർക്ക് നിത്യതാനഷ്ടം സംഭവിക്കും.

യോഹന്നാൻസ്നാപകൻ ഇപ്രകാരം പ്രസംഗിച്ചു: "ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലി വെച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷമെല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു" (ലൂക്കോ.3:9). ഇത് കേട്ട് അർത്ഥം മനസ്സിലാക്കിയ പുരുഷാരം ചോദിച്ചു "ഞങ്ങൾ എന്തുചെയ്യണം" (ലൂക്കോ.3:10).

ഇതിന് യോഹന്നാൻ പറഞ്ഞ മറുപടി കേട്ടാലും. "രണ്ട് വസ്ത്രം ഉള്ളവൻ ഇല്ലാത്തവന് കൊടുക്കട്ടെ; ഭക്ഷണസാധനങ്ങൾ ഉള്ളവനും അങ്ങനെതന്നെ ചെയ്യട്ടെ എന്നുത്തരം പറഞ്ഞു" (ലൂക്കോ.3:11). ഞങ്ങൾ എന്തു ചെയ്യേണ്ടൂ എന്ന ചുങ്കക്കാരുടെ ചോദ്യത്തിന് (ലൂക്ക.3:12) "നിങ്ങളോട് കല്പിച്ചതിൽ അധികമൊന്നും പിരിക്കരുത് എന്ന് അവൻ പറഞ്ഞു" (ലൂക്ക.3:13). ഞങ്ങൾ എന്തു ചെയ്യേണ്ടു എന്ന് പടജ്ജനം ചോദിച്ചതിന് "ആരോടും അതിക്രമം ചെയ്യാതെയും ചതിയായി ഒന്നും വാങ്ങാതെയും നിങ്ങളുടെ ശമ്പളം മതി എന്ന് വയ്പിൻ എന്ന് അവരോട് പറഞ്ഞു" (ലൂക്ക.3:14).

ഇവൻ ക്രിസ്തുവൊ എന്ന് എല്ലാവരും ഹൃദയത്തിൽ വിചാരിച്ചപ്പോൾ "ഞാൻ നിങ്ങളെ വെള്ളം കൊണ്ട് സ്നാനം കഴിപ്പിക്കുന്നു; എന്നാൽ എന്നിലും ബലവാനായവൻ വരുന്നു. അവന്റെ ചെരിപ്പിന്റെ വാർ അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ പരിശുദ്ധാത്മാവു കൊണ്ടും തീ കൊണ്ടും സ്നാനം കഴിപ്പിക്കും. അവന് വീശുമുറം കയ്യിലുണ്ട്. അവൻ കളത്തെ മുറ്റും വെടിപ്പാക്കി ഗോതമ്പ് കളപ്പുരയിൽ കൂട്ടിവെയ്ക്കുകയും പതിർ കെടാത്ത തീയിൽ ഇട്ട് ചുട്ടുകളയുകയും ചെയ്യും" (ലൂക്ക.3:17).

**പുതിയനിയമത്തിലെ സത്യസുവിശേഷം**

പ്രവാചകശബ്ദങ്ങളായിരുന്നു സ്നാപക യോഹന്നാന്റെയും യേശുവിന്റേതും.**"മാനസാന്തരപ്പെടുവിൻ"** എന്ന വലിയ ആശയം ഇന്ന് ഏറ്റെടുക്കേണ്ടത് മാനസാന്തരപ്പെട്ടവരുടെ സഭയായിരിക്കണം മാനസാന്തരപ്പെടാത്തവരുടെ ആത്മീയ കൂട്ടായ്മ- ഒരിക്കലും സഭയല്ല. ഓരോ വിശ്വാസിയും ഉത്തരവാദിത്വ ബോധത്തോടെ ആ വിശുദ്ധ വിശ്വാസ സമർപ്പണവാക്കിന്റെ ആഴങ്ങളിൽ മുങ്ങിക്കുളിക്കേണ്ടതായിട്ടുണ്ട്. വ്യക്തിയിൽ

(ശേഷം 7-ാം പേജിൽ)




(4-ാം പേജിൽ നിന്നും തുടർച്ച)

പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്ക.24: 44-47) (ലൂക്കോ.24:45-, അപ്പൊ.16:14, ലൂക്ക.24:46, ഹോശയ്യ.6:2, ലൂക്ക.24:47, ഏശ.49:6; യിര.31:34, ഹോശ.2:23, മിഖാ.4:2, മലാ.1:11).

ലൂക്കോ.4-ലും മത്താ.4-ലും പരീക്ഷകനായ സാത്താനെ കർത്താവ് തോല്പിച്ചതും പഴയനിയമ തിരുവെഴുത്തുകളെ ഉപയോഗിച്ചുകൊണ്ടാണ്. നീ ദൈവപുത്രനെങ്കിൽ ഈ കല്ല് അപ്പമായിത്തീരാൻ കല്പിക്ക എന്ന് സാത്താൻ പറഞ്ഞപ്പോൾ ആവ.8:3-ലെ "മനുഷ്യൻ അപ്പംകൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽകൂടി വരുന്ന സകല വചനംകൊണ്ടും ജീവിക്കുന്നു" എന്ന തിരുവെഴുത്ത് എയ്താണ് യേശുക്രിസ്തു അവനെ പരാജയപ്പെടുത്തിയത്.

പിശാചിന്റെ രണ്ടാമത്തെ പരീക്ഷ: യേശുവിനെ ദേവാലയത്തിന്റെ അഗ്രത്തിന്മേൽ കൂട്ടിക്കൊണ്ടുപോയിട്ട് നീ ദൈവപുത്രനാണ് എങ്കിൽ താഴേക്ക് ചാടുക എന്നു പറഞ്ഞുകൊണ്ട് അവൻ 91-ാം സങ്കീർത്തനം 11,12 തിരുവെഴുത്തുകൾ ഉദ്ധരിക്കുകയായിരുന്നു. "നിന്നെ കാപ്പാൻ അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കല്പിക്കും; നിന്റെ കാൽ കല്ലിൽ തട്ടിപ്പോകാതിരിക്കേണ്ടതിന് അവർ നിന്നെ കൈകളിൽ വഹിച്ചുകൊള്ളും."

അതിന് കർത്താവ് ആവ.6:16-ാം തിരുവെഴുത്ത് ഉദ്ധരിച്ചാണ് മറുപടി പറഞ്ഞത്. "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്." മൂന്നാമത്തെ പരീക്ഷ ലോകം മുഴുവൻ വിട്ടുതരാം. തന്നെ ആരാധിച്ചാൽ മാത്രം മതി: ഇതു കേട്ടപ്പോൾ "സാത്താനെ എന്നെ വിട്ടു പോ, നിന്റെ ദൈവമായ കർത്താവിനെ നമസ്ക്കരിച്ച് അവനെ മാത്രമെ ആരാധിക്കാവൂ എന്ന് എഴുതിയിരിക്കുന്നുവല്ലൊ എന്നു പറഞ്ഞു" (ആവ.6:13,16).

ക്രൂശിക്കപ്പെടുമ്പോൾ പഴയനിയമത്തിൽ നിന്നും അവിടുന്ന് ഉദ്ധരിച്ചത് അറിയണ്ടേ? സങ്കീ.31:5 - "നിന്റെ കയ്യിൽ എന്റെ ആത്മാവിനെ ഭരമേല്പിക്കുന്നു." സങ്കീ.22:1 - "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടത് എന്ത്?

സങ്കീ.40:8-ൽ "എന്റെ ദൈവമേ, നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു. നിന്റെ ന്യായപ്രമാണം എന്റെ ഉള്ളിൽ ഇരിക്കുന്നു"വചന പ്രകാരം ന്യായപ്രമാണം മുഴുവൻ അവിടുത്തെയുള്ളിലു ണ്ടായിരുന്നു. അവിടുന്ന് അത് നിവർത്തിയാക്കുകയും ചെയ്തു. അങ്ങനെ ന്യായപ്രമാണത്തെ നിവർത്തിയാക്കുക എന്നത് ക്രിസ്തുവന്റെ മനുഷ്യാവതാര ലക്ഷ്യമായിരുന്നു എന്നും പറയാം.

കർത്താവായ യേശു ന്യായപ്രമാണം വിശ്വസിക്കുകയും അനുസരിക്കുകയും അതിൽ നിർദ്ദേശിച്ചിരുന്ന ആചാരാനുഷ്ഠാനങ്ങൾ ആചരിക്കുകയും ചെയ്തിരുന്നു. പഴയനിയമത്തിന്റെ ദൈവശ്വാസീയതയെയും ആധികാരികതയെയും അവിടുന്നും പരിശുദ്ധാത്മാവും യഹോവയും അംഗീകരിച്ചിരുന്നു. ഈ സത്യം കണ്ടെത്തുന്ന ക്രിസ്ത്യാനിയുടെ മനസ്സ് ക്രിസ്തുവിന്റെ യഥാർത്ഥ മനസ്സാണ്.

പഴയനിയമം ദൈവത്തിന് ജനത്തോടുള്ള ദൂതാണ്. പുതിയനിയമമൊ പുത്രനിലൂടെയുള്ള ദൈവത്തിന്റെ അരുളപ്പാടാണ്. പഴയതിന്റെയും പുതിയതിന്റെയും ഉടമസ്ഥർ ത്രീയേകദൈവമാണ്.

"തിരുവെഴുത്തിന് മാറ്റം വന്നുകൂടാ (യോഹ.10:35). "ആകയാൽ ന്യായപ്രമാണം വിശുദ്ധം" (റോമ.7:12). ന്യായപ്രമാണം നല്ലതാണ് (റോ.7:12). 1 കൊരി.10-ൽ 7 മുതലുള്ള വാക്യങ്ങൾ പുറപ്പാട് പുസ്തകം 32:6-ഉം 8-ഉം വാക്യങ്ങൾ, സംഖ്യ.25:9-ഉം പുറ.17:2 ഉം 7ഉം സംഖ്യ.21:5ഉം 6-ഉം 10ഉം വാക്യങ്ങൾ, സംഖ്യ.16:3,32,41,49 എന്നീ പഴയനിയമവാക്യങ്ങളെയും മനസ്സിൽ സൂക്ഷിച്ചുകൊണ്ട് അപ്പൊസ്തലനായ പൗലൊസ് എഴുതുകയാണ്. 11-ാം വാക്യത്തിൽ: ഇത് ദൃഷ്ടാന്തമായി അവർക്ക് സംഭവിച്ചു; ലോകാവസാനം വന്നെത്തിയിരിക്കുന്ന നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയുമിരിക്കുന്നു. 1 കൊരി.15-ലെ 3 മുതലുള്ള വാക്യങ്ങൾ ഉദ്ധരിക്കാം:"നിന്നെ നിന്ദിക്കുന്നവരുടെ നിന്ദ എന്റെമേൽ വീണു" എന്നെഴുതിയിരിക്കുന്നതുപോലെ (സങ്കീ.69:9). ക്രിസ്തുവും തന്നെത്തന്നെ പ്രസാദിച്ചില്ല. എന്നാൽ മുന്നെഴുതിയിരിക്കുന്നതൊക്കെയും നമ്മുടെ ഉപദേശത്തിനായിട്ട് നമുക്ക് തിരുവെഴുത്തുകളാൽ ഉളവാകുന്ന സ്ഥിരതയാലും ആശ്വാസത്താലും പ്രത്യാശയുണ്ടാകേണ്ടതിനുതന്നെ എഴുതിയിരിക്കുന്നു. അങ്ങനെ നമുക്ക് ബുദ്ധിയുപദേശത്തിനായി എഴുതിയിരിക്കുന്നതാണ് ന്യായപ്രമാണം". പഴയനിയമതിരുവെഴുത്തുകൾ പ്രത്യേകിച്ചും യെശ.53-ലെ തിരുവെഴുത്തുകൾ കേട്ടാണ് ഷണ്ഡൻ മാസനാന്തരപ്പെട്ടതും രക്ഷയുടെ അനുഭവത്തിലേയ്ക്കെത്തി സ്നാനപ്പെട്ടതും (അപ്പൊ.8:32-40).

ന്യായപ്രമാണം തികവുള്ളതാണ്. മാറ്റം വരാത്തതാണ്. അതിനെപ്പറ്റി വേണ്ടത്ര, സമഗ്രമായ, ബൈബിൾപഠനമില്ലാത്ത മനുഷ്യർക്കാണ് കുഴപ്പം. ന്യായപ്രമാണം പാലിക്കുവാൻ നമുക്ക് കഴിയണം. വലിയ

Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

(5-ാം പേജിൽ നിന്നും തുടർച്ച)

മാനസാന്തരമുണ്ടാകുന്നതും അത് സമൂഹജീവിതത്തിൽ പ്രതിഫലിപ്പിക്കുന്നതും യേശുവിന്റെ ആത്മാവായിരിക്കും. യോഹ.16:8-ൽ തന്റെ ആത്മാവുവന്ന് ആ ഒരു ശുശ്രൂഷ ചെയ്യുമെന്ന് പറഞ്ഞിരിക്കുന്നത് എഴുതാം. "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് ബോധം വരുത്തും" (യോഹ.16:8). പരിശുദ്ധാത്മാവ് മുഖാന്തരം ദൈവമാകുന്ന യേശു (യേശുവാകുന്ന യഹോവ) ചെയ്യുന്ന ഈ പ്രവൃത്തികൾ വിശ്വാസികളിലൂടെയാണ് യാഥാർത്ഥ്യമാകേണ്ടത്.

ദൈവരാജ്യത്തിന്റെ നീതിനിർവ്വഹണം ഇനിയും എത്രയോ വ്യക്തതയോടെ ആത്മീയഗോളത്തിൽ സംഭവിക്കേണ്ടതുണ്ട്. രാഷ്ട്രീയ-സാമൂഹ്യരംഗങ്ങളിലും ലോകരാജ്യത്തിന്റെ നീതിനിർവ്വഹണം അതിവിശുദ്ധമായി സംഭവിച്ചേതീരൂ. ലോകരാജ്യത്തിന്റെയും സാത്താന്റെ രാജ്യത്തിന്റെയും കാപട്യങ്ങൾക്കകത്ത് ദൈവരാജ്യാധിപത്യം സംഭവിക്കാത്തത് യഥാർത്ഥ മാനസാന്തരം ആത്മീയഗോളത്തിൽ വേണ്ടത്ര ഇല്ലാത്തതുകൊണ്ടു തന്നെ.

## യഥാർത്ഥ യാഗം

ഇന്നത്തെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഇടയന്മാരും ആ വിശുദ്ധ പദവികൾ വാക്കുകളിൽ ഒതുക്കിനിർത്താതെ, സ്വർഗ്ഗത്തിലും സമൂഹത്തിലും പ്രതിഫലിപ്പിക്കത്തക്കവണ്ണം അടിസ്ഥാനമാനസാന്തരത്തിലേക്കും, മാനസാന്തരത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കേണ്ടിടത്തേക്കും, വീണ്ടുംജനിക്കുന്നിടത്തേക്കും, ഉയരുകതന്നെ വേണം. എല്ലാ ഗുരുക്കന്മാരും കൗൺസിലേഴ്സും സഭക്കുവേണ്ടി ചെറുതെന്നു കരുതുന്ന സേവനങ്ങൾ ചെയ്യുന്നവരടക്കം (എഫേ.4:11), "സകലരും അവരുടെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായും മനസ്സുപുതുക്കിയും രൂപാന്തരപ്പെടുകയും വേണം" (റോമ.12:1,2). ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധീകരണത്തെപ്പറ്റി ദൈവജനത്തോട് ഉച്ചൈസ്തരം ഉദ്ഘോഷിക്കുകയും, സ്വന്തം ശരീരത്തിന്റെയും മനസ്സിന്റെയും വിശുദ്ധീകരണം ഒരു ബാലികേറാമലയാണെന്നു കരുതി ഞെരുങ്ങുകയും ചെയ്യുന്നത് അപൂർണ്ണ മാനസാന്തരം തന്നെയാണ്; യഥാർത്ഥ യാഗവസ്തുവാകുവാനുള്ള മടിയാണ്; സുവിശേഷത്തിലെ ക്രിസ്തുവിനെ മറയ്ക്കലും സഭയിലെ ക്രിസ്തുവായി സ്വയം അവരോധിക്കലും ആണ്. റോമാലേഖനം 6-ാം അദ്ധ്യായത്തിൽ 19 മുതൽ 22 വരെ വചനങ്ങളിൽ നമ്മുടെയേവരുടെയും ഹൃദയത്തിന്റെ അഗാധതലങ്ങളിലേക്ക് പൗലൊസപ്പൊസ്തലനിലൂടെ പരിശുദ്ധാത്മാവു പറയുന്നു: "നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷരീതിയിൽ പറയുന്നു നിങ്ങളുടെ അവയവങ്ങളെ, അധർമ്മത്തിനായി അശുദ്ധിക്കും അധർമ്മത്തിനും അടിമകളാക്കി സമർപ്പിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിനായി നീതിക്ക് അടിമകളാക്കി സമർപ്പിക്കുവിൻ. നിങ്ങൾ പാപത്തിന് ദാസന്മാരായിരുന്നപ്പോൾ നീതിയെ സംബന്ധിച്ച് സ്വതന്ത്രരായിരുന്നുവല്ലോ. നിങ്ങൾക്ക് അന്ന് എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്ക് ലജ്ജ തോന്നുന്നത് തന്നെ. അതിന്റെ അവസാനം മരണമല്ലോ. എന്നാലിപ്പോൾ പാപത്തിൽനിന്ന് സ്വാതന്ത്ര്യം പ്രാപിച്ച് ദൈവത്തിന് ദാസന്മാരായിരിക്കയാൽ നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു".

**അതായത് ക്രിസ്തു ക്രൂശിൽ മരിക്കുമ്പോൾ നാമും മരിക്കണം, പാപത്തിന്. ക്രിസ്തു എന്റെ പാപത്തിനുവേണ്ടി ക്രൂശിൽ മരിച്ചു എന്ന് നമ്മുടെ പാട്ടിന്റെയും പ്രസംഗത്തിന്റെയും പ്രാർത്ഥനയുടെയും തലക്കുറിവാക്കുകൾക്കപ്പുറത്ത് ഞാനും അവനോടുകൂടി ക്രൂശിക്കപ്പെട്ടു എന്നുള്ള പുതിയ അറിവ് നമ്മുടെ ഉള്ളങ്ങളിൽ അതിശക്തമായി, കുത്തുകൊണ്ട് നിഴലിടണം.** ഗലാ.2:20-ൽ അപ്പൊസ്തലനായ പൗലൊസ് പുതിയനിയമത്തിലെ ലേഖനങ്ങളിലെ മാഗ്നാകാർട്ടയായ ഈ വാക്യം ഇങ്ങനെ എഴുതി **"ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത്**

(ശേഷം 9-ാം പേജിൽ)

# ന്യായപ്രമാണം പൂർത്തീകരിക്കാൻ കൃപയ്ക്കധീനരായാലും!

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

(6-ാം പേജിൽ നിന്നും തുടർച്ച)

ബുദ്ധിമുട്ടാണ് അത് നിർവ്വഹിക്കുവാൻ. ജഡമോഹവും പണമോഹവും ബുദ്ധിയുടെ മോഹവും മറ്റുള്ളവരെക്കാൾ തനിക്ക് പല യോഗ്യതകളുമുണ്ടെന്നുള്ള സാത്താൻ തരുന്ന ചിന്തയും ഒക്കെക്കൂടി വന്നാൽ ചിലർ പുതിയനിയമ ആരാധകരും പഴയനിയമദേഷ്യക്കാരും ആകാം. അവ രണ്ടും ദുരുപദേശമാണ്. പക്ഷെ ന്യായപ്രമാണം മാത്രം പോരാ ക്രിസ്ത്യാനിക്ക്, അതനുസരിക്കുവാനുള്ള ബലം വേണം. അതിന് ദൈവം തന്ന കൃപയാണ് കർത്താവായ യേശു ക്രിസ്തു. റോമ.6:14: നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലൊ.

റോമാലേഖനം 8-ാം അദ്ധ്യായം 7-ാം വാക്യമനുസരിച്ച് ആത്മസ്വഭാവമുള്ളവർ ദൈവത്തിന്റെ ന്യായപ്രമാണത്തിന് കീഴ്പ്പെടും. ന്യായപ്രമാണത്തിന്റെ നീതി അനുസരിക്കുവാൻ കഴിയുന്നത് കൃപക്കധീനരായി ആത്മാവിനെ പ്രാപിച്ചവരാണ്. ന്യായപ്രമാണം നിവർത്തിക്കുന്നതെങ്ങനെയെന്ന വലിയ ചോദ്യത്തിന്റെ ഉത്തരമായി നാം പ്രതീക്ഷിക്കുന്നത്, വികാരവിചാര ചിന്താമണ്ഡലങ്ങളിലെല്ലാം, മസിൽ പിടിച്ചിരുന്നും കണ്ണടച്ചിരുന്നും ഉപവാസത്തിലിരുന്നും ജീവിതം കഴിക്കുന്നവർക്ക് അത് കഴിയും എന്നതാണ്. ഹിന്ദുമതാചാരങ്ങളിലെ തപസ്സ്, യോഗാഭ്യാസങ്ങൾ, മുതലായവയിൽ ഈ പഞ്ചേന്ദ്രിയനിഗ്രഹാനുഷ്ഠാനങ്ങൾക്ക് നല്ല പ്രാധാന്യം ഉണ്ടല്ലൊ. ക്രിസ്തുമതാചാരങ്ങളിൽ പോലും വിവിധ സന്യാസസമൂഹങ്ങളും സന്യാസിനീ സമൂഹങ്ങളുമുണ്ടല്ലൊ. അവരും ഈ പഞ്ചേന്ദ്രിയ നിഗ്രഹം സാധിച്ചെടുക്കുവാൻ കാഷായ വസ്ത്രധാരണമുൾപ്പെടെ നിരന്തരമായ ജപമാല നമസ്ക്കാരമുൾപ്പെടെ അനേകം കാര്യങ്ങൾ ചെയ്യുന്നു.

എന്നാൽ വിശുദ്ധവേദപുസ്തകം പഞ്ചേന്ദ്രിയ നിഗ്രഹമുൾപ്പെടെ ന്യായപ്രമാണം മുഴുവൻ പാലിക്കുവാൻ പറയുന്നതെന്തെന്നൊ? “അന്യോന്യം സ്നേഹിക്കുന്നതല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുത്. അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലൊ. വ്യഭിചാരം ചെയ്യരുത്, കൊല ചെയ്യരുത്, മോഷ്ടിക്കരുത്, മോഹിക്കരുത്, എന്നുള്ളതും മറ്റേത് കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്കാം എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. സ്നേഹം കൂട്ടുകാരനു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തിതന്നെ” (റോമ.13:8,9,10).

വായ്പ വാങ്ങാൻ ഇച്ഛിക്കുന്നവരെ എങ്ങനെ സ്നേഹിക്കണമെന്നാണ് ബൈബിളിലൂടെ പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നത്? ‘‘വായ്പ വാങ്ങാൻ ഇച്ഛിക്കുന്നവനെ ഒഴിഞ്ഞുകളയരുത്’’ (മത്താ.5:42). പരിശുദ്ധാത്മാവ് ലൂക്കോ.6:35-ൽ പറയുന്നതെന്തെന്നോ? “നിങ്ങളൊ ശത്രുക്കളെ സ്നേഹിപ്പിൻ; അവർക്ക് നന്മ ചെയ്യുവിൻ; ഒന്നും പകരം ഇച്ഛിക്കാതെ കടം കൊടുപ്പിൻ. ദൈവവചനം പ്രസംഗിക്കുന്നവരും  ആത്മാഭിഷേകം കൊണ്ട് നിറഞ്ഞ് ശുശ്രൂഷ ചെയ്യുന്നവരും വിശുദ്ധിയും വേർപാടും എടുക്കുന്നതിന്റെ ഭാഗമായി, വിശ്വാസ്നാനവും സ്വീകരിച്ച് കർത്തൃമേശയും കൂടെക്കൂടെ സ്വീകരിച്ച് വേദപുസ്തകത്തിൽ നിന്നെങ്ങോട്ടും കണ്ണു പറിക്കാതെയും, ആത്മാവിലും സത്യത്തിലുമുള്ള ആരാധനയുടെ കാര്യത്തിൽ പ്രത്യേകിച്ചും ഒരു പാട്ടിൽ നിന്ന് മറ്റൊരു പാട്ടിലേക്കും മുഴുവൻ പാട്ടിലേക്കും മണിക്കൂറുകളോളം പോകുന്നവരും കൊടുക്കുന്ന കാര്യം വരുമ്പോൾ മുടന്തൻ ന്യായങ്ങൾ പറയും. മാത്രമല്ല, അല്പമൊക്കെ കൊടുത്താൽ ആർക്കുകൊടുത്തുവൊ അവരിൽ നിന്ന് നന്ദിസൂചകമായ ഒരു അടിമത്തം പ്രതീക്ഷിക്കുകയും, അവരുടെമേൽ ആത്മീകമായ ഒരു അധീശത്വം നോട്ടത്തിലും വാക്കുകളിലും ആവിഷ്ക്കരിക്കുകയും ചെയ്യും.

ഇത്തരം ഭക്താഗ്രേസന്മാർ കൊടുത്താൽ കയ്യിലുള്ളത് കുറയുമെന്ന് പ്രതീക്ഷിച്ചിട്ട് കൊടുക്കാതിരിപ്പാൻ പല ന്യായങ്ങളും ഇടയ്ക്കിടക്ക് തട്ടിവിട്ട് ന്യായീകരണങ്ങൾ കാണും. പക്ഷെ ബൈബിൾ പറയുന്നു: “കൊടുപ്പീൻ; എന്നാൽ നിങ്ങൾക്ക് കിട്ടും; അമർത്തികുലുക്കി കവിയുന്നൊരു നല്ല അളവ് നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും (ലൂക്കോ.6:38). “ക്ഷമിക്കുന്നതും, വീണ്ടും വീണ്ടും കൊടുക്കുന്നതുമാണ് സ്നേഹം. കൊടുത്തു കൊടുത്ത് നമ്മുടെ കയ്യിലില്ലാതെയാകുമ്പോൾ അമർത്തിക്കുലുക്കി കവിയുന്നൊരു നല്ല അളവ് ത്രീയേക ദൈവം കൊണ്ടുവന്ന് കയ്യിലും ബാങ്കിലും തരും.

Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

(7-ാം പേജിൽ നിന്നും തുടർച്ച)

**ഞാനല്ല. ക്രിസ്തുവത്രെ എന്നിൽ ജീവിക്കുന്നത്."**

ആൾക്കൂട്ടത്തിന്റെ ശക്തി ഒരു യോഗ്യതയായി കരുതണൊ? ദൈവം തന്ന വരദാനങ്ങൾ ആലോചനാമൃതമായി നൽകുമ്പോൾ കുത്തുകൊണ്ട് ആത്മഹർഷം പൂണ്ടും ദൈവവേലക്ക് എന്ന് പുറമെ പറഞ്ഞ് താങ്കളുടെ പുത്ര-മിത്രകളത്രാദികൾക്കുവേണ്ടിയും വസ്ത്രം ഭക്ഷണം മുതലായവയ്ക്കുവേണ്ടിയും എന്ന് ഉള്ളിൽ ഭാവിച്ചുകൊണ്ടും നൽകുന്ന ദശാംശത്തിനുവേണ്ടിയും, ആ ദശാംശം കൂടുതൽ ലഭിക്കുന്നതിനുവേണ്ടിയുള്ള കപടപ്രാർത്ഥനയും കപടചിരിയും കപടഫോൺവിളിയും കപടവീട്സന്ദർശനവും കപടആശുപത്രി സന്ദർശനവുമൊക്കെ മാനസാന്തരാനുഭവത്തിനും പുതുജനനാനുഭവത്തിനും ശേഷവും എന്തുകൊണ്ട് സംഭവിക്കുന്നു? ഉത്തരം: ഗലാ.2:20-ന്റെ തിരിച്ചറിവില്ലാത്തതുകൊണ്ടാണ്. "ഇനി ജീവിക്കുന്നത് ഞാനല്ല, ക്രിസ്തുവത്രെ, എന്നിൽ ജീവിക്കുന്നത്;"

പൗലൊസപ്പൊസ്തലന് മാത്രം പറയുവാൻ സാധിച്ചു. ഞാൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെട്ടിരിക്കുന്നു എന്ന്. "ഞാൻ ദൈവത്തിനായി ജീവിക്കേണ്ടതിന് ന്യായപ്രമാണത്താൽ ന്യായപ്രമാണസംബന്ധമായി മരിച്ചു" (ഗലാ.2:19). ന്യായപ്രമാണസംബന്ധമായി മരിച്ചതുകൊണ്ടാണ്, ക്രിസ്തുവിനോടുകൂടി (വിശ്വാസത്താലും ആത്മാവിനാലും) മരിച്ചതുകൊണ്ടാണ് ദൈവത്തിനായി ജീവിക്കുവാൻ കഴിയുന്നത്. ഇനി പൗലൊസപ്പൊസ്തലൻ അദ്ദേഹത്തിനുള്ളതല്ല. അല്പംപോലും മാനുഷികമായ ഇദ്ദോ, ഈഗോയൊ, സൂപ്പർ ഈഗോയൊ പാപലോകസാഹചര്യങ്ങളോട് താല്പര്യമൊ അദ്ദേഹത്തിനുണ്ടാകുന്ന പ്രശ്നമില്ല.

നമ്മുടെ നേട്ടങ്ങൾ, അത് സഭാസംബന്ധമായ നേട്ടങ്ങളായാലും കുടുംബസംബന്ധമായ നേട്ടങ്ങളായാലും വ്യക്തിപരമായവ ആണെങ്കിലും അവയൊക്കെയും കർത്താവിന്റേതാണ്. കർത്താവ്, കൃപയാൽ, നമുക്ക് തന്നവയാണ്. പഴയനിയമത്തിലെ ന്യായപ്രമാണങ്ങളൊക്കെയും വള്ളിപുള്ളി വ്യത്യാസമില്ലാതെ നിവർത്തിച്ചവനായ ക്രിസ്തുവിൽ (മത്താ.5:17) വിശ്വാസത്താലും, പ്രവൃത്തിയാലും ആത്മാവിനാലും ലയിച്ചാണ്, അപ്പൊസ്തലനായ പൗലൊസ് ജീവിക്കുന്നത്. ഇപ്പോൾ അപ്പൊസ്തലൻ മറ്റൊരു ക്രിസ്തുവാണ്. ഇതാണ് സത്യം! നമുക്ക് ധ്യാനിക്കേണ്ട വിഷയം, നാമൊ? എന്നതാണ്. മറ്റൊരു ക്രിസ്തുവാകേണ്ട നാം എത്രത്തോളം ഈ രണാങ്കണത്തിൽ, ആത്മീയ ജീവിത രണാങ്കണത്തിൽ, മുൻപന്തിയിലേക്ക് അടുത്തു? "ക്രിസ്തുയേശുവിനുള്ളവൻ ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുംകൂടെ ക്രൂശിച്ചിരിക്കുന്നു" എന്ന് ഗലാ.5:24-ൽ അപ്പൊസ്തലൻ പറഞ്ഞത് ജഡത്തെ അതിന്റെ രാഗമോഹങ്ങളോടുകൂടി ക്രൂശിച്ചതിനു ശേഷമാണ്. നാമൊ? അതായത്, ബുദ്ധിപരമായ വല്ലായ്മയും ഇല്ലായ്മയും നമുക്കില്ലേ? ലോകജ്ഞാനം, സയൻസ് & ടെക്നോളജി, ലോകസാംസ്ക്കാരികജ്ഞാനം, മാതൃരാജ്യത്തിന്റെ ലോസ് & റെഗുലേഷൻസ് തുടങ്ങിയവയെപ്പറ്റിയുള്ള ജ്ഞാനം മുതലായവയിലും, രാഷ്ട്രതന്ത്രജ്ഞതയിലും നമുക്ക് പരിമിതമായ ജ്ഞാനമല്ലേ ഉള്ളൂ.

ദൈവവചനപഠനത്തിൽ ഹീബ്രു-ഗ്രീക്ക്-ലാറ്റിൻ ഭാഷാജ്ഞാനത്തിന്റെ പശ്ചാത്തലത്തിലുള്ള പരിജ്ഞാനക്കുറവുമൂലം ഇംഗ്ലീഷ് ബൈബിളാണെങ്കിലും പഠിച്ച്, മൂലകൃതിയിൽ പരിശുദ്ധാത്മാവ് ഉദ്ദേശിക്കുന്നത് ഗ്രഹിക്കാതെയല്ലേ, മലയാളംബൈബിൾ നാം പഠിക്കുന്നതും പ്രസംഗിക്കുന്നതും എഴുതുന്നതും. ആ പരിമിതമായ ജ്ഞാനമുള്ള വ്യക്തിയിലുണ്ടാകുന്ന ദർശന-പ്രവചന-വരദാന ഉപയോഗമല്ലേ നമ്മളിൽ കുടികൊള്ളുന്നത്.

നമുക്കാവശ്യമായിരിക്കുന്നത് വിശ്വാസത്തിലധിഷ്ഠിതമായിരിക്കുന്ന മാനസാന്തരമാണ്. അത്തരം മാനസാന്തരത്തിന്റെ ഇരുവശങ്ങളാണ് പശ്ചാത്താപവും പശ്ചാത്താപാനന്തരമുണ്ടാകുന്ന ക്രിസ്തുവിശ്വാസത്തിന്റെ പാരമ്യത്തിൽ സംഭവിക്കുന്ന വീണ്ടുംജനനവും




എന്നുവേണമെങ്കിൽ പറയാം. യോഹന്നാന്റെ സുവിശേഷത്തിൽ 3-ാം അദ്ധ്യായത്തിൽ 3,5,6 വാക്യങ്ങൾ ഓർമ്മയിൽ കാണും, ഏത് ആദ്ധ്യാത്മികമനുഷ്യന്റെയും മനസ്സിന്റെയുള്ളിൽ.

**വീണ്ടുംജനനം**

യേശു അവനോട്: "ആമേൻ, ആമേൻ, ഞാൻ നിന്നോട് പറയുന്നു: പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയുകയില്ല" (യോഹ.3:3). വീണ്ടും അതിന് യേശു "ആമേൻ ആമേൻ, ഞാൻ നിന്നോട് പറയുന്നു: വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല. ജഡത്താൽ ജനിച്ചത് ജഡമാകുന്നു; ആത്മാവിനാൽ ജനിച്ചത് ആത്മാവാകുന്നു" (യോഹ.3:5,6).

വേദപണ്ഡിതന്മാരിൽ ചിലർ വീണ്ടുംജനനത്തെ ജലസ്നാനമെന്ന് വ്യാഖ്യാനിക്കുമ്പോൾ വേറെ ചിലർ ജലസ്നാനമല്ല, വചനപഠനസ്നാനമാണ് വീണ്ടുംജനനമെന്ന് പഠിപ്പിക്കുന്നു. യെഹ.36:25-ൽ യിസ്രായേലിന്റെമേൽ നിർമ്മലജലം തളിക്കും എന്നു പറഞ്ഞിട്ടുണ്ടല്ലോ. ആ ജലം വെള്ളമല്ല എന്നും നിർമ്മലവചനത്തിന്റെ തെളിക്കലിലൂടെയുള്ള ശുദ്ധീകരണമാണെന്നും വ്യാഖ്യാനിക്കാം. വചനത്തിന്റെ ഉള്ളിലെ കടന്നുവരവ് ഒരു വലിയ നനഞ്ഞുള്ള അനുഭവത്തിലേക്കും കുളിച്ചൊരുങ്ങിയ അനുഭവത്തിലേക്കും ആരെയും കൊണ്ടെത്തിക്കുകയും ചെയ്യും. എങ്കിൽ ആന്തരികതയിലും ഉണ്ടാകുന്ന കുളിക്കൽതന്നെയാണ് വീണ്ടുംജനനമെന്ന പ്രയോഗം കൊണ്ടുദ്ദേശിക്കുന്നതെന്ന് പറയാം.

എന്നാൽ അറിവിന്റെ പ്രായത്തിലുള്ള ജലസ്നാനമെന്നത് വീണ്ടുംജനനമെന്ന പ്രയോഗത്തിൽ മറഞ്ഞിരിക്കുന്നുണ്ടെന്നത് മറ്റൊരു നിഷേധിക്കാനാവാത്ത സത്യമാണ്. ക്രിസ്തുവിന്റെ കുഴിച്ചിടലിനോടും മരണത്തോടും ഉത്ഥാനത്തോടുമുള്ള സദൃശീകരണമാണ് ജലസ്നാനമെന്ന് റോമ.6:24-ൽ അപ്പൊസ്തലനായ പൗലൊസ് പഠിപ്പിക്കുന്നത് സ്നാനത്തിന്റെ താക്കോൽ സത്യമാണല്ലൊ. പുറമെ നടക്കുന്ന ഒരു കുളിയ്ക്കലാണ് സ്നാനക്കുളത്തിൽ സംഭവിക്കുന്നതെന്നുമാത്രം ആരും കരുതണ്ട. കാഴ്ചയിൽ പുറമെയാണെങ്കിലും, അകം ഒരുങ്ങാത്തവരാരും സ്നാനം ഏറ്റെടുക്കാറില്ല. അന്നുമുതൽ പാപ-ലോക സ്പർശനങ്ങളുണ്ടാകാതെ പതിനായിരങ്ങളാണ് സൂക്ഷിച്ച് ജീവിക്കുന്നത്. ആ വിശുദ്ധിയുടെ പാരമ്യത്തിൽ അഭിഷേകം പ്രാപിക്കുന്നവരും പതിനായിരങ്ങളാണ്. ജലസ്നാനം സ്വീകരിച്ച ശേഷം വചനപരിജ്ഞാനമാർജ്ജിക്കുവാൻ ശ്രമിക്കാത്തവർ വീണ്ടുംജനനം പ്രാപിച്ചുവെന്ന് ഒരിക്കലും അവകാശപ്പെടാൻ പാടില്ല. കർത്താവ് നടത്തിയ അന്ത്യസന്ദേശത്തിലാണ് (മത്താ.28:19,20; മർക്കോ.16:16) സ്നാനപ്പെടുത്താനുള്ള സന്ദേശം പറഞ്ഞത് എന്നു തുടങ്ങിയ മുടന്തൻ ന്യായങ്ങളൊന്നും വിശുദ്ധവിശ്വാസികളുടെ പരിശുദ്ധാത്മാഭിഷേകത്തിന്റെ മുമ്പിൽ നിലനിൽക്കുകയില്ല. എന്തൊക്കെയാണ് കർത്താവ് പറഞ്ഞതെന്നല്ലാതെ, ആദ്യം എന്തുപറഞ്ഞു അവസാനമെന്തുപറഞ്ഞു എന്നൊന്നും നോക്കണ്ട. ഒരു വിദ്യാർത്ഥിയുടെ ജീവിതത്തിലെ ഓരോരൊ ക്ലാസ്സുകളിലെ പഠനത്തിനും അതതിന്റെ പ്രാധാന്യം ഉണ്ട്. പത്താംക്ലാസ്സിലെയും പന്ത്രണ്ടാംക്ലാസ്സിലെയും പഠനത്തിന് വളരെ കൂടുതൽ പ്രാധാന്യം ഉണ്ടുതാനും.

അതുകൊണ്ട് വീണ്ടും എഴുതട്ടെ ക്രൈസ്തവ ജീവിതത്തിന്റെ ആണിക്കല്ലും മൂലക്കല്ലുമാണ് യഥാർത്ഥ മാനസാന്തരവും വീണ്ടുംജനനവും. ഇവ രണ്ടും കൂടാതെയുള്ള വിശ്വാസാധിഷ്ഠിത വിശുദ്ധജീവിതം എന്നത് പാഴ്ശ്രമങ്ങളാണ്. അവർക്കാണ് പിന്മാറ്റമുണ്ടാകുന്നത്. അവരാണ് സഭയിൽ പ്രശ്നങ്ങളുണ്ടാക്കുന്നത്. അത്തരം വിശ്വാസമൂപ്പന്മാർ പാസ്റ്റർമാരെ അതിശക്തമായി വിമർശിക്കുകയും ഗ്രൂപ്പുണ്ടാക്കി എതിർത്ത് കുളമാക്കുകയും ചെയ്യും. അത്തരം പാസ്റ്റർമാരും ഗ്രൂപ്പുണ്ടാക്കി സഭാ നേതൃത്വത്തെ വിമർശിക്കുകയൊ, അതിൽ വിജയിക്കുന്നില്ലെങ്കിൽ പുതിയൊരു ആത്മീയ രാഷ്ട്രീയപാർട്ടിയുണ്ടാക്കി

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

പുറത്തുപോവുകയൊ ഒക്കെ ചെയ്യും. അടിസ്ഥാനമാനസാന്തരവും വീണ്ടുംജനനാനുഭവവുമാണ് ക്രിസ്തീയാദ്ധ്യാത്മികതയുടെ സ്ഥായിയായ നിത്യതാസ്വപ്നങ്ങൾ. ഒപ്പം വിശ്വാസവും വിശുദ്ധിയും വചനാഭിമുഖ്യവും അഭിഷേകവും! ഇവിടെ മനുഷ്യൻ പുതിയ മനുഷ്യനാകും. പുതിയ സൃഷ്ടി ആകും. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയസൃഷ്ടി ആകുന്നു; പഴയത് കഴിഞ്ഞു പോയി, ഇതാ, അത് പുതുതായി തീർന്നിരിക്കുന്നു." 2 കൊരി.5:17 എന്ന തിരുവചനം അർത്ഥം തേടുന്നത് മാനസാന്തരവും പുതുജനനവും ഒന്നിച്ച് സംഭവിക്കുമ്പോഴാണ്. ഇവ രണ്ടും പരിശുദ്ധാത്മാവിന്റെ ഇടപെടലാണ്. കൊലൊ.1:28,29-ൽ "അവനെ ഞങ്ങൾ അറിയിക്കുന്നതിൽ ഏതു മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനേയും പ്രബോധിപ്പിക്കുകയും ഏത് മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കുകയും ചെയ്യുന്നു. അതിനാൽ ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു."

അതെ, ദൈവീകപദ്ധതിയാണ് ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനാക്കുക എന്നത്. ക്രിസ്തുവിൽ ഒന്നായിച്ചേർക്കുക (എഫേ.1:10) എന്നതും ക്രിസ്തുവിൽ തികഞ്ഞവനാക്കുക എന്നതും സമാന ചിന്തകൾതന്നെയെന്ന് കരുതാം.

**ആത്മീയയുദ്ധം**

ക്രിസ്തുവിൽ തികഞ്ഞവനായി, ക്രിസ്തുവിൽ ഒന്നായിച്ചേരണമെങ്കിൽ, അതിനെ ശക്തമായി എതിർക്കുന്ന ശത്രുക്കളോട് നാം അതിശക്തമായി യുദ്ധംചെയ്യേണ്ടതുണ്ട്. ഒന്നാമത്തെ ശത്രു നമ്മുടെ അഹന്തയും അറിവില്ലായ്മയും ആണ് (പാപം). രണ്ടാമത്തെ ശത്രു എന്നും സത്യ സുവിശേഷത്തിനെതിരായ ലോകവ്യവസ്ഥകളുമാണ്. മൂന്നാമത്തെ ശത്രു സാത്താനുമാണ്.

മറ്റേതൊരു യുദ്ധവും ശത്രുവിനെ തോല്പിക്കുവോളം മതി, ആത്മീകയുദ്ധം അങ്ങനെയല്ല. തോറ്റശത്രു അടുത്തനിമിഷത്തിൽത്തന്നെ ഉയിർത്തെഴുന്നേറ്റ് നമ്മിൽ പ്രലോഭനങ്ങൾ ഉണ്ടാക്കുവാൻ തുടങ്ങും. നാം ചിലപ്പോൾ ആ പ്രലോഭനത്തിന്റെ മുമ്പിൽ മയങ്ങിപ്പോകാൻ വളരെ സാധ്യതയുണ്ട്. പിന്നെയും നാം അവനെ പോരാടി തോല്പിച്ചാലും വീണ്ടും അവൻ വന്ന് വഞ്ചിക്കാതെയിരിക്കയില്ല. അപ്പോൾ ഒരു ആജീവനാന്തപോരാട്ടം അത്യാവശ്യമത്രേ! ആത്മീയയുദ്ധോപകരണങ്ങൾ ഏവയെന്ന് നിങ്ങൾക്കറിയാം. 1. "നിങ്ങളുടെ അരയ്ക്ക് സത്യം കെട്ടണം. 2. നീതി എന്ന കവചം ധരിയ്ക്കണം. 3. സമാധാനസുവിശേഷത്തിനുള്ള ഒരുക്കം കാലിന് ചെരുപ്പാക്കണം. 4. വിശ്വാസം എന്ന പരിച എടുക്കണം. 5. രക്ഷ എന്ന പടത്തൊപ്പി. 6. ദൈവവചനമെന്ന ആത്മാവിന്റെ വാൾ" (എഫേ.6:14-17). ഈ ആയുധങ്ങൾ ധരിച്ച ഒരു ആത്മീയപടയാളിയെ കാണേണ്ട താമസം, ശത്രുവായ സാത്താനും പാപങ്ങളും ദ:ഖങ്ങളുമൊക്കെ ദൂരെ മാറി നിൽക്കുകയേ ഉള്ളു.

**ദൈവരാജ്യം**

ദൈവരാജ്യം എന്ന പദം പുതിയനിയമത്തിൽ 164 തവണ ഉപയോഗിച്ചിട്ടുണ്ട്. "ദൈവത്താൽ ഭരിക്കപ്പെടുന്ന" "ദൈവം ഭരിക്കുന്ന" എന്നൊക്കെയാണീ പ്രയോഗം കൊണ്ടുദ്ദേശിക്കപ്പെടുന്നത്. "ദൈവം നമ്മോടുകൂടെ" എന്ന അർത്ഥത്തിൽ ഇമ്മാനുവേൽ എന്ന് ക്രിസ്തുവിനെ വിളിക്കുന്നുണ്ടല്ലോ. മർക്കോ.1:15-ൽ യേശു പ്രസംഗിച്ചത് ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നാണല്ലോ. ദൈവത്തിന്റെ ഭരണത്താൽ നീ നയിക്കപ്പെടുവാനുള്ള സമയം സമാഗതമായി എന്നോ യേശു ഇന്നുമുതൽ നിന്നെ ആത്മീയമായും ഭൗതീകമായും ഭരിക്കുവാൻ പോകുന്ന സമയം ഇതാ അടുത്തിരിക്കുന്നു എന്നോ ആണ് ഇതിന്റെ സ്വാഭാവികമായ അർത്ഥം.

വിശദമായ അർത്ഥത്തിലേക്ക് വന്നാൽ നാം ജീവിക്കുന്ന ഈ പാപരാജ്യത്തിൽ സാത്താൻ എന്ന രാജാവിനാൽ ഭരിക്കപ്പെടുന്ന ഈ പ്രപഞ്ചത്തിൽ കനകംമൂലവും കാമിനിമൂലവും ഉള്ള മായകൾ ആയ




സുഖത്തിലും ദു:ഖത്തിലും പെട്ട് മനുഷ്യൻ ഇവിടെക്കിടന്നുഴലുകയാണ്. ചതുപ്പുനിലത്തിലൂടെ നടന്നുനീങ്ങിയ ഒരു കൊമ്പനാനയുടെ നാലുകാലും ചെളിയിൽ കുടുങ്ങിയാൽ കയറാൻ ശ്രമിക്കുന്തോറും കൂടുതൽ കൂടുതൽ താഴ്ന്ന് താഴ്ന്ന് പോകും സാധാരണഗതിയിൽ. ജെ.സി.ബി. വേണം ആനയെ പൊക്കി കരയ്ക്കെത്തിക്കുവാൻ. ചതുപ്പുപ്രദേശത്ത് ജെ.സി.ബി. എത്തിക്കുവാനും വലിയ ബുദ്ധിമുട്ട്. പാപലോകവും സാത്താന്യലോകവും ഒരുമിച്ചുചേരുന്നത് ഈ ചതുപ്പുനിലത്തിന് സമാനമാണ്. അതിൽ നിന്നും നമ്മെ പൊക്കിയെടുക്കുന്നത് ദൈവരാജ്യമാണ്, ദൈവമാണ് (ക്രിസ്തുവാണ്).

റോമ.14:17-ൽ ഭക്ഷണവും പാനീയവുമല്ല ദൈവരാജ്യം എന്ന് പൗലൊസ് അപ്പൊസ്തലൻ പറഞ്ഞു. സാമ്പത്തിക ഭദ്രതയുള്ള അവസ്ഥയല്ല ദൈവരാജ്യമെന്ന് യേശു ചിന്തിപ്പിച്ചു. മരണശേഷം മാത്രം ലഭിക്കുന്ന സ്വർഗ്ഗീയാനന്ദ അവസ്ഥയല്ല ദൈവരാജ്യമെന്ന് അവിടുന്ന് ഓർമ്മിപ്പിച്ചു. ഭൗമികരാജ്യങ്ങളോ രാജാക്കന്മാരൊ വെച്ചുനീട്ടുന്ന എന്തെങ്കിലും അധികാരങ്ങളൊ രത്നഹാരങ്ങളോ അല്ലെന്ന് പറഞ്ഞ് പഴയ കാഴ്ച്ചപ്പാടുകളെ അവിടുന്ന് തിരുത്തിപ്പറയുകയുണ്ടായി. ഹൃദയത്തിന്റെ അഗാധതയിൽനിന്നും ഉയിർത്തെഴുന്നേറ്റുവരുന്ന ദൈവാരാധനയുടെയും, മനഷ്യസ്നേഹത്തിന്റെയും വചനാധിഷ്ഠിതവും പരിശുദ്ധാത്മപ്രേരിതവുമായ സന്തോഷാവസ്ഥയാണെന്ന് അവിടുന്ന് അടിവരയിട്ട് പറഞ്ഞു.

മനുഷ്യർക്കിടയിലും മനുഷ്യർക്കുള്ളിലും (ഒരു ചെളിക്കുളത്തിൽ താമരയും താമരപ്പൂവും പോലെ) സൃഷ്ടിക്കേണ്ട അവസ്ഥയാണിത്. മനുഷ്യർക്ക് അനുഭവവേദ്യമാകുന്ന ആവശ്യത്തിലാണ് ദൈവരാജ്യത്തെ യേശു രൂപകല്പന ചെയ്തിരിക്കുന്നത്. ഇത് മനുഷ്യർക്കുവേണ്ടി മാത്രമുള്ളതാണ്. ഒരു സമുന്നത ജീവിതശൈലി സാമൂഹ്യവ്യവസ്ഥയോട് ബന്ധപ്പെട്ട് പോകുന്ന ചില നിലപാടുകളെ സുവിശേഷം അവതരിപ്പിക്കുന്നുണ്ട്. അതിലൊന്നാണ്, ജറൂസലേം ദേവാലയത്തോടുള്ള മനോഭാവത്തിൽ, ഇസ്രായേലിന്റെ പന്ത്രണ്ട് ഗോത്രങ്ങളുടെ ന്യായധിപന്മാരായി 12 ശിഷ്യന്മാരെ വയ്ക്കുന്ന രീതി. അതുപോലെതന്നെ ആര് പിതാവിന്റെ വലതുഭാഗത്തിരിക്കും എന്ന ചോദ്യത്തിന്റെ ഉത്തരം.

ദേവാലയശുദ്ധീകരണത്തിന്റെ കാര്യം എടുക്കാം. മത്താ.21-ൽ 12 മുതൽ വചനങ്ങളിലും മർക്കോ.11-ൽ 15 മുതലുള്ള വചനങ്ങളിലും ലൂക്കോ.19-ൽ 45 മുതലുള്ള വചനങ്ങളിലും യോഹ.2-ൽ 13 മുതലുള്ള വചനങ്ങളിലും യേശു ദേവാലയശുദ്ധീകരണം നടത്തിയതെങ്ങനെയെന്ന് നാം കാണുന്നു.

നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട് യെരൂശലേം ദേവാലയത്തിന്. ലോകമെമ്പാടുമുള്ള സകല യഹൂദരുടെയും പ്രാർത്ഥനയുടെയും ആരാധനയുടെയും മതാത്മകതയുടെയും പ്രതീകമാണ് ഈ ദേവാലയം. അത്ര ശ്രേശ്ഠമായ ഇവിടേയ്ക്ക് യേശു കയറിവന്ന് സകലരെയും ആട്ടിപ്പായിക്കുന്ന രംഗം ഒരു സിനിമയിലെന്നവണ്ണം 4 സുവിശേഷങ്ങളിലും ചിത്രീകരിച്ചിരിക്കുന്നു. യഥാർത്ഥ ആദ്ധ്യാത്മികതയുടെ ആന്തരികതയെ വിസ്മരിച്ചുകൊണ്ട് പുറംമോടിയെ മാത്രം കേന്ദ്രീകരിക്കുന്ന നടപടിക്കെതിരെ യേശു ശക്തമായ വിധത്തിലും ദൈവരാജ്യത്തിന്റെ മൂല്യങ്ങൾക്ക് യോജിച്ചവിധത്തിലും പ്രതികരിക്കുകയായിരുന്നു. മാത്രമല്ല ഈ ദേവാലയം കല്ലിന്മേൽ കല്ല് ശേഷിക്കാതെ പോകുമെന്ന പ്രവചനവും യേശു നൽകുകയുണ്ടായി. **ബലിമൃഗങ്ങളെയും അത്തരം ആരാധനകളെയും** അത്തരം ബലിയർപ്പണങ്ങൾ നടത്തുന്ന പുരോഹിതരെയും പുരോഹിതന്മാരുടെയും ദൈവജനത്തിന്റെയും ഇടയ്ക്ക് നിൽക്കുന്ന ഇടത്തട്ടുകാരുടെയുമൊക്കെ നിരർത്ഥകമായ യാഗങ്ങളുടെ പുറംപൂച്ചു മാത്രമല്ല, തമ്പുരാൻ തകർത്തത്, അവരുടെ കാപട്യമുള്ള ഹൃദയജാഡകളെയുമാണ്. പള്ളികളെ സ്നേഹിക്കുന്നവരുടെ ശമ്പളവും അലവൻസും സൽപ്പേരും പറ്റി സ്വർഗ്ഗരാജ്യത്തിലേക്ക് ദൈവജനത്തെ കൊണ്ടു

## പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9388371777, 9946635111

## സമയം: രാവിലെ 6 മുതൽ 9 വരെ

### പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

**e-mail: ekmoffice@gmail.com**
**our official website: www.churchofeternity.org**

## Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

**അയക്കേണ്ട വിലാസം:**

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

ദേവസ്യാ മുല്ലക്കര,
PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും.
NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

## Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

പോകുന്നവർ എന്ന് സ്വയം വീമ്പിളക്കുന്ന വ്യാജപുരോഹിതന്മാരുടെ കപടഭക്തിയാകുന്ന മേശകളെ അവിടുന്ന് തട്ടിമറിച്ചിടുകയായിരുന്നു. തദ്വാര യേശു എല്ലാവരുടെയും ശത്രുത മേടിച്ച് കെട്ടുകയും ചെയ്തു. ദൈവരാജ്യത്തിന്റെ ബന്ധുവാകുവാൻ ഇത്രയും കാര്യങ്ങൾ ചെയ്തപ്പോൾ ലോകമതരാജ്യങ്ങളുടെ ശത്രുവായി, നാഥൻ, മാറുകയും അവർ നാഥനെ ഇതുപോലെയുള്ള കാര്യങ്ങളാൽ - ദൈവദൂഷണമുൾപ്പെടെ - പിന്നീട് വധിക്കുകയും ചെയ്തു.

യേശു പഠിപ്പിച്ചതും സുവിശേഷ രചയിതാക്കൾ ആവർത്തിച്ച് അവതരിപ്പിച്ചതും ദൈവരാജ്യം എന്ന ആശയം തന്നെയാണ്. മറ്റെന്തിനെക്കാളും അധികമായി ദൈവം നമ്മുടെ നാഥനും കർത്താവുമാകുമ്പോൾ ഉണ്ടാകുന്ന ഒരു ആത്മീയ അവസ്ഥയെയാണ് ദൈവരാജ്യം എന്നോ സ്വർഗ്ഗരാജ്യം എന്നോ പറയുക. ഈ പദങ്ങൾ തമ്മിൽ വ്യത്യാസമുണ്ടെന്ന് പറയുന്ന വേദപണ്ഡിതന്മാരുണ്ട് എന്നുള്ളത് ഇവിടെ തീർത്തും അവഗണിക്കുന്നില്ല.

നാം യേശുവിൽ ലയിച്ചുചേർന്ന്, യേശുതരുന്ന സന്തോഷത്തിലും, സമാധാനത്തിലും നൂറ് ശതമാനവും ആയിരിക്കുമ്പോൾ, മനുഷ്യനെന്ന നിലയിലും, പാപിയെന്ന നിലയിലും ഈ ലോകത്തിൽ ജീവിക്കുന്നു എന്ന അവസ്ഥയിലും, സാത്താനാലും മറ്റുള്ളവരാലും പരീക്ഷിക്കപ്പെടുന്നു എന്ന അവസ്ഥയിലും, എല്ലാം പൂർണ്ണമായും മാറ്റപ്പെട്ട്, മാലാഖമാർക്കും മുകളിലായിത്തീരുന്ന ഉയർന്ന ആത്മീയഅനുഭൂതിയത്രേ **ദൈവരാജ്യം.** യേശുക്രിസ്തു ഒരിയ്ക്കലും ദൈവരാജ്യത്തിന് ഒരു നിർവ്വചനം പറഞ്ഞിട്ടില്ലെങ്കിലും, പൗലൊസപ്പൊസ്തലൻ റോമ.14:17-ൽ ഇങ്ങനെ പറയുന്നു "ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവുമത്രെ."

"അനീതി പ്രവർത്തിക്കുന്നവർ ദൈവരാജ്യം അവകാശമാക്കുകില്ല" എന്ന് 1 കൊരി.6:9-ൽ പറയുന്നുവല്ലൊ. 10-ാം വാകൃത്തിൽ ഇപ്രകാരം കാണുന്നു "നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ (ദൂഷകന്മാർ) പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല".

മനുഷ്യന്റെ സമഗ്രമായ സമാധാനാനുഭവത്തിന് ഏറ്റവും ആവശ്യമായിരിക്കുന്നത് ബന്ധനങ്ങളിൽ നിന്നുള്ള വിമോചനമാണ്. ഈ സംഭവമാണ് ആദിമപറുദീസായുടെ ആദിമപരിശുദ്ധി. അതായത് ആദവും ഹവ്വയും പാപം ചെയ്യുന്നതിനുമുമ്പ് അവർക്കുണ്ടായിരുന്ന പരിശുദ്ധി. ആ പരിശുദ്ധിയിലേക്ക് നമ്മെകൊണ്ടുപോകുവാൻ ദൈവത്തിനല്ലാതെ ആർക്കും






കഴിയുകയില്ല. ദൈവത്തിനല്ലാതെ എന്നു പറഞ്ഞാൽ ത്രീയേകദൈവത്തിനെന്നും, യേശുവിനെന്നും ഒക്കെ പറയാം. എല്ലാം ഒന്നുതന്നെ.

ദൈവം യേശുവിലൂടെ ഈ പുന:സൃഷ്ടി നടത്തുകയാണെന്ന് ധൈര്യമായി നാം വിശ്വസിക്കുക. ദൈവത്തിന് എന്തും ചെയ്യുവാൻ കഴിയും. ദൈവത്തിന് ചെയ്യുവാൻ കഴിയുന്നതെല്ലാം ചെയ്യുവാൻ യേശുവിന് കഴിയും. ഇതാണ് യേശുക്രിസ്തുവിന്റെ അനന്യതയെന്ന് ഹെബ്രാ.13:8 വെച്ചുകൊണ്ട് നാം പറയാറുള്ളത്. ഇത് ക്രിസ്തുവിജ്ഞാനത്തിലെ ഏറ്റവും ആഴമേറിയ സത്യമാണ്. ക്രിസ്തുവിജ്ഞാനീയവും ദൈവരാജ്യാനുഭവവും തമ്മിൽ അടുത്ത ബന്ധമുണ്ട്. യേശുതന്നെയാണ് ഈ ദൈവരാജ്യാനുഭവത്തിന്റെ ഉള്ളടക്കം.

യേശു തന്നെ പറയുന്നു “നിങ്ങൾ കാണുന്നതിനെ കാണുന്ന കണ്ണ് ഭാഗ്യമുള്ളത്. നിങ്ങൾ കാണുന്നതിനെ കാണ്മാൻ ഏറിയ പ്രവാചകന്മാരും രാജാക്കന്മാരും ഇച്ഛിച്ചിട്ടും കണ്ടില്ല, നിങ്ങൾ കേൾക്കുന്നതിനെ കേൾപ്പാൻ ഇച്ഛിച്ചിട്ടും കേട്ടില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു എന്ന് പ്രത്യേകം പറയുന്നു” (ലൂക്കോ.10:24). അതുപോലെതന്നെ മത്താ.11:5-ൽ യേശു അവരോട് : “കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോട് സുവിശേഷം അറിയിക്കുന്നു എന്നിങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നത് യോഹന്നാനെ ചെന്നറിയിപ്പിൻ” എന്നു മാത്രമല്ല ലൂക്കോ.4:21-ൽ “ഇന്ന് നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന് നിവർത്തി വന്നിരിക്കുന്നു” എന്ന് പറഞ്ഞുതുടങ്ങി.

**യേശുവിന്റെ സസാമ്പത്തികനയം**

ദൈവരാജ്യത്തെക്കുറിച്ച് പഠിക്കുമ്പോൾ യേശുവിന്റെ സാമ്പത്തികത്തെക്കുറിച്ചുള്ള നയം എന്തെന്ന് നാം അറിഞ്ഞിരിക്കണം. സമ്പന്നൻമാരെപ്പറ്റി യേശു ഇങ്ങനെ പറയുന്നു: “എന്നാൽ സമ്പന്നൻമാരായ നിങ്ങൾക്ക് അയ്യോ കഷ്ടം! നിങ്ങളുടെ ആശ്വാസം നിങ്ങൾക്ക് ലഭിച്ചുപോയല്ലോ.” അത്തരം മൃദുല മനോഭാവമല്ല സമ്പന്നരോടുള്ളത്. സമ്പത്തിന്റെ ആധിക്യം ദൈവരാജ്യാനുഭവത്തിലില്ല. സമ്പന്നരുടെ പങ്കുവെയ്ക്കാൻ മനസ്സില്ലായ്മയും സമ്പന്നരോടുള്ള മൃദുവല്ലാത്ത സമീപനത്തിന് ഒരു കാരണമാണ്. മർക്കോ.10:25-ൽ കർത്താവ് ഇങ്ങനെ പറഞ്ഞത് കേൾക്കാത്തവർ കാണുകയില്ല. “ധനവാൻ ദൈവരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നത് എളുപ്പം”.

“നീ പോയി നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്കുക; എന്നാൽ നിനക്ക് സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപമുണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു. അവൻ വളരെ സമ്പത്തുള്ളവനാകകൊണ്ട് ഈ വചനത്തിൽ വിഷാദിച്ച് ദു:ഖിതനായി പൊയ്ക്കളഞ്ഞു” (മർക്കോ.10:21,22) എന്ന് മറ്റൊരു ധനവാനോടുകൂടി യേശുക്രിസ്തു പറഞ്ഞതുകൂടിയറിയുമ്പോൾ ദൈവരാജ്യാനുഭവം തനിക്കുള്ളതെല്ലാം തീരുവോളം കൊടുക്കാത്തവർക്ക് ലഭിക്കില്ല എന്ന് അവിടുന്ന് തീർത്തുപറയുകയാണ്.

മർക്കോ.10-ൽ (25 മുതലുള്ള വചനം അല്പംമുമ്പ് കുറിച്ചു) “യേശു ചുറ്റും നോക്കി തന്റെ ശിഷ്യന്മാരോട്: സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം എന്നു പറഞ്ഞു. അവന്റെ ഈ വാക്കിനാൽ ശിഷ്യന്മാർ വിസ്മയിച്ചു; എന്നാൽ യേശു പിന്നെയും: മക്കളെ, സമ്പത്തിൽ ആശ്രയിക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം.”

അതായത് സമ്പത്തിൽ ആശ്രയം വെക്കുന്നവർ ദൈവരാജ്യത്തിൽ കടക്കുകയില്ല. കടക്കണമെങ്കിൽ തന്റെ സമ്പത്ത് വിറ്റ് ദരിദ്രരുമായി പങ്കുവെയ്ക്കണം (മർക്കോ.10:22). ദൈവരാജ്യത്തെപ്പറ്റിയുള്ള യേശുവിന്റെ സാമ്പത്തികനയമാണിവയൊക്കെയും.

**മത്താ.5-ലെ ദൈവരാജ്യം**

“ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ. സ്വർഗ്ഗരാജ്യം അവർക്കുള്ളത്” (5:3).

(ശേഷം 22-ാം പേജിൽ)

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



പാ:സി.വി. ജോസ്സി
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



പാ. ബിനോജ്
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്
ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



പാ:ബിജു
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ
Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്**
സബ് റെജിസ്ട്രാർ ഓഫീസ് ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)
**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

## കൊല്ലം ജില്ല



പാ:ജോസ് മാത്യു
Ph: 9847872731, 9946586728
**കൊല്ലം**
**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലുംമൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



പാ.കെ.സി ദേവസ്യാ (ദാസ്)
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞകൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm



പാ:ബിജു സ്കറിയ കുണ്ടറ
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to1pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

## തിരുവനന്തപുരം ജില്ല



പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ. നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30pm), 4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ,** ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട,** അംബികാ ഭവനം എല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ,** 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
**ആന്നാട്,** 2-ാം ചൊവ്വ ബാബുഭവനം 10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
**കുടപ്പനക്കുന്ന്,** 4-ാം ചൊവ്വ ശശിഭവനം 6.30 pm
**മുട്ടട,** ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar,** എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരൂട്ടമ്പലം,** 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
**വലിയവിള,** 2-ാം ബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
**കരമന,** 3-ാം ബുധൻ ശാന്തഭവനം 3 pm 3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
**കിള്ളി,** 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ,** 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
**ഉദിയൻകുളങ്ങര,** 2-ാം വ്യാഴം ശശിഭവനം 4.30 pm
**പേരൂർക്കട,** 2-ാം വ്യാഴം സാവിത്രിഭവനം 10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി,** 4-ാം വ്യാഴം രാജൻ ഭവനം 4.30pm
**മരുതൂർ,** 1-ാം ശനി സദാശിവൻ ഭവനം 5.30 pm
**സന്തോഷ് നഗർ,** 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം,** 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, **പാറോട്ട്കോണം,** 4-ാം ശനി മനോജ് ഭവനം 5.30 pm



പാസ്റ്റർ വിനു നടയ്ക്കൽ
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

# CHURCH OF ETERNITY
# CENTRAL MINISTRY


Rev. Devasia Mullakara


Pr. Sam Saravan
PH : 08489261474


Pr.Radhakrishnan
PH : 8086425080


Associate pastor
P.D Mathew
PH : 9961066460


Pr.Ramesan


Youth Pastor
Sarath Mohan


Br.Jobi


Br.Sabu


Br.Rahul


Br.Prince



Br.Shon


Br.Justin

24 x 7
Prayer Line

**9495932106 , 9447715159**

പ്രാർത്ഥനാ
സഹായങ്ങൾക്ക്
വിളിക്കുക




Like Our Facebook Page




Visit Our Official Website



ഹാർവെസ്റ്റ്, പവർവിഷൻ,ട്രംപറ്റ് എന്നീ ചാനലുകളിൽ വരുന്ന
ആത്മാഭിഷേകം എപ്പിസോഡുകൾ സ്പോൺസർ ചെയ്യുവാൻ
ദൈവാലോചന ലഭിക്കുന്നവർ ദയവായി ബന്ധപ്പെടുക.
9947955111 (ദേവസ്യാ മുല്ലക്കരസാർ) (രാവിലെ 7 മുതൽ 9 വരെ)

## Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

(15-ാം പേജിൽ നിന്നും തുടർച്ച)

"ദു:ഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് ആശ്വാസം ലഭിക്കും" (5:4).

"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശമാക്കും" (5:5).

"നീതിക്ക് വിശന്ന് ദാഹിക്കുന്നവർ ഭാഗ്യവാന്മാർ; അവർക്ക് തൃപ്തി വരും" (5:6).

"കരുണയുള്ളവർ ഭാഗ്യവാന്മാർ; അവർക്ക് കരുണ ലഭിക്കും" (5:7).

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും" (5:8).

"സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്ന് വിളിക്കപ്പെടും" (5:9).

"നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ, സ്വർഗ്ഗരാജ്യം അവർക്കുള്ളത്" (5:10).

"എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കുകയും നിങ്ങളെക്കൊണ്ട് എല്ലാ തിന്മയും കളവായി പറയുകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ചുല്ലസിപ്പിൻ. നിങ്ങൾക്ക് മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാരെയും അവർ അങ്ങനെതന്നെ ഉപദ്രവിച്ചുവല്ലൊ" (5:11,12).

ആർക്കൊക്കെയാണ് സ്വർഗ്ഗരാജ്യം ലഭിക്കുക എന്ന് വ്യക്തമായ വിധത്തിൽ ഗിരിപ്രഭാഷണത്തിൽ പറഞ്ഞിരിക്കുന്നു. ആർക്കൊക്കെയല്ല എന്നും ഇവിടെ ഊഹിക്കാവുന്നതാണ്.

യേശു ആദ്ധ്യാത്മികതയുടെ മൂശയിൽ, അന്നുവരെയുള്ള യഹൂദാറബ്ബിമാരൊ മറ്റനേകം ആദ്ധ്യാത്മികാചാര്യന്മാരൊ അവതരിപ്പിച്ചിട്ടുള്ളതിൽ നിന്ന് നൂറുശതമാനവും വ്യതിരിക്തമായ ആശയങ്ങൾ ഇവിടെ അവതരിപ്പിക്കുകയാണ്.

ലോകപരിജ്ഞാനം ഏറെയുള്ളവരാണ് എല്ലാ ആചാര്യന്മാരുടെയും സുഹൃത്തുക്കളും സേവകരുമെങ്കിൽ, യാതൊരു വിജ്ഞാനവുമില്ലാത്തവരായിരുന്നു പാലസ്തീനായുടെ ഏതൊ ഉൾപ്രദേശങ്ങളിലും, മീൻപിടുത്ത കേന്ദ്രങ്ങളിലും, മറ്റാരാലും അറിയപ്പെടാത്തവരായി ഉണ്ടായിരുന്ന സഹോദരതുല്യരായ അപ്പൊസ്തലന്മാർ.

പാപികളും ദരിദ്രരും വികലാംഗരുമായവരുടെ സാമിപ്യമാണ് അവിടുന്ന് ഏറ്റവും ഇഷ്ടപ്പെട്ടിരുന്നതെന്ന് നാം കാണുമ്പോൾ കോടതിയാണെങ്കിൽ നിയമത്തിന്റെ തലനാരിഴ കീറി വ്യാഖ്യാനിക്കുന്ന പണ്ഡിതന്മാരാണുള്ളതെന്നും പാർലമെന്റിലൊ അസംബ്ലിയിലൊ പോലീസ് ഡിപ്പാർട്ടുമെന്റിലൊ കോളേജ് - സ്കൂൾ തലങ്ങളിലൊ അന്നുണ്ടായിരുന്നവരും ഇന്നുള്ളവരും എത്ര ഉയർന്ന ലോകപാണ്ഡിത്യവും പൊതുജനകയ്യടിയും ഏറ്റുവാങ്ങുന്നവരും ആണെന്നതും നാം വേർതിരിച്ചറിയണം. എങ്കിൽ സാക്ഷാൽ ദൈവമായ യേശു അവതരിപ്പിക്കുന്നതും പ്രബോധിപ്പിക്കുന്നതും അല്ലേ യഥാർത്ഥ ദൈവരാജ്യം എന്നതും നാം ഓർക്കണം. നല്ല സ്വഭാവമുള്ള, പാടുകയും പ്രാർത്ഥിക്കുകയും നൂറു ശതമാനവും മാർക്കുവാങ്ങുകയും ചെയ്യുന്ന സുന്ദരന്മാരും സുന്ദരികളുമായ കുട്ടികളെയാണേവരും ഇഷ്ടപ്പെടുന്നതെങ്കിൽ മന്ദബുദ്ധികളും എച്ചിൽകൂനകളിൽ അന്നം തിരയുന്നവരെയും ആയിരിക്കാം യേശു സ്നേഹിക്കുന്നത്. വിശ്വസ്തയായ ഭാര്യയ്ക്കും കലാമൂല്യമുള്ള സ്ത്രീകൾക്കും ലയൺസ് ക്ലബ്ബുകളിൽ അംഗത്വമെടുത്ത് ഓണാഘോഷപരിപാടികളിലും മറ്റും ഭർത്താവിനോടും പിതൃതുല്യരായവരോടുംകൂടെ പങ്കെടുത്ത് അവാർഡുകളേറ്റുവാങ്ങുന്ന വനിതാ ഗണത്തിനാണ് ലോകരാജ്യത്തിൽ ഇന്നും അന്നും സ്ഥാനമാനങ്ങളുള്ളതെങ്കിൽ യേശു ആരെയാണ് ആത്മാവിനോട് ചേർത്തു പിടിച്ചതെന്ന് നാം മനസ്സിലാക്കണം. യോഹ.4-ലെ സമരിയാക്കാരിയെയും 8-ലെ വ്യഭിചാരകർമ്മത്തിൽ പിടിക്കപ്പെട്ടവെളയുമൊക്കെ. ദൈവമായ യേശു ആരെക്കൂട്ടുപിടിച്ചുവെന്നതും ആർക്കാണ് ദൈവരാജ്യം കൊടുക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നതെന്നതും നാം വേർതിരിച്ചറിഞ്ഞിട്ട് അപ്പൊസ്തലന്മാരും പ്രവാചകന്മാരും ഇടയന്മാരും

Fundamental Knowledge of True Theology - Chapter : 28


# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

എന്നെല്ലാം എഫേ.4:11-ൽ പറയപ്പെടുന്നവർ ശുശ്രൂഷാജീവിതത്തിൽ ഇനി ആരോടൊപ്പം നിൽക്കണമെന്നത് ഇപ്പോൾ തീരുമാനിക്കാമോ?

നല്ല ഭർത്താവ്, നല്ല ഭാര്യ, നല്ല മക്കൾ, നല്ല സാമ്പത്തികഭദ്രത, നല്ല പ്രാർത്ഥനാസമൂഹം, നല്ല പേഴ്സണൽ സ്റ്റാഫ് - എല്ലാം നല്ലതെന്ന് ലോകം പറയുന്നവർ വേണമെന്ന് ഈ ലോകം ആഗ്രഹിക്കുമ്പോൾ ഈ ചിന്തകളെ തകിടം മറിക്കുന്ന ഉപദേശങ്ങളുമായാണ് യേശു ചിന്തിക്കുന്നതും പ്രവർത്തിക്കുന്നതും പ്രഖ്യാപി ക്കുന്നതും എന്ന് ഞാൻ പറയുന്നുവെങ്കിൽ, നിങ്ങൾ പറയുന്നുവെങ്കിൽ അതല്ലേ ശരി? അതല്ലേ ദൈവരാജ്യം!!

യേശു പറഞ്ഞത് എന്തെങ്കിലും അന്ന് ആരെങ്കിലും പ്രവൃത്തിപഥത്തിൽ വരുത്തിയൊ? വലതുകരണത്ത് അടിക്കപ്പെട്ടവർ ഇടതുകരണം കാണിച്ചുകൊടുത്തോ? കുഴപ്പം കാണാനാഗ്രഹിക്കുന്ന കണ്ണ് കുത്തിപ്പൊട്ടിച്ച് ഒറ്റക്കണ്ണനായി ആരെങ്കിലും നടന്നോ? അക്കാലത്ത് മാത്രമല്ല, ഏതെങ്കിലും കാലത്ത്? കാലത്തിനതീതമായ ചിന്തകളല്ലേ അവിടുന്ന് പറഞ്ഞതെല്ലാം? ദൈവരാജ്യം കാലത്തിന്റെ ചെപ്പിലൊ തുക്കാൻ കഴിയുന്നതല്ലെന്നല്ലേ, കാലത്തിനൊത്ത ചിന്തയല്ല ദൈവരാജ്യത്തിന്റെ ചിന്തകളെന്നല്ലേ നാം മനസ്സിലാക്കേണ്ടത്. നാട് ഓടുമ്പോൾ നടുവെ ഓടുകയും ചേര തിന്നുന്ന നാട്ടിലെത്തുമ്പോൾ ചേരയുടെ നടുമുറി തിന്നുകയും ചെയ്യുന്നതല്ല ദൈവരാജ്യാനുഭവം. (മറ്റനേകം സഭകളിലങ്ങനെയല്ലേ, മറ്റനേകം പാസ്റ്റർമാർ അങ്ങനെ യല്ലേ, എനിക്കുമാത്രം പിന്നെന്താ ഇങ്ങനെ? എന്നീ ചിന്ത കൾ). കാലത്തിനും ലോകത്തിനും മതത്തിനും, അയൽ പക്കക്കാർക്കും, പ്രൊഫസർമാർക്കും, ബുദ്ധി



Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

ജീവികൾക്കും, പ്രധാനമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിനുമൊക്കെ അപ്പുറത്തപ്പുറത്താണ് ദൈവരാജ്യം എന്ന് നാം മനസ്സിലാക്കണം. യേശുവിനല്ലാതെ, ദൈവരാജ്യത്തിന്റെ ഉടമയ്ക്കല്ലാതെ, ആർക്കെങ്കിലും പറയുവാൻ കഴിയുമൊ കടുകുമണിയോളം മുഴുപ്പുള്ള വിശ്വാസശക്തിയാൽ ഒരു ഹിമാലയത്തെ കടലിലേക്ക് ഇറക്കി അയയ്ക്കാമെന്ന്? അത് പറയുവാൻ ഏലിയാവ്, ഏലീശാ, മോശെ, ദാവീദ് തുടങ്ങിയ ആർക്കും കഴിഞ്ഞില്ല. യേശുവിനല്ലാതെ ആർക്കെങ്കിലും കഴിയുമൊ? സമ്പന്നരൊക്കെയും കേൾക്കെ ദരിദ്രരോട് നിങ്ങളാണ് ഭാഗ്യവാന്മാരെന്ന് പറയുവാൻ ആർക്കു കഴിയും? ഫൈവ്സ്റ്റാർ, ടെൻസ്റ്റാർ ഹോട്ടലുകളിലൊ അവയെക്കാൾ കെങ്കേമമായ റിസോർട്ടുകളിലൊ, ആണും പെണ്ണുമൊത്ത് മദ്യത്തിന്റെയും ചരസ്സിന്റെയും കഞ്ചാവിന്റെയും അകമ്പടിയോടുകൂടി ആനന്ദനൃത്തം ചവിട്ടുന്നവർ കാൺകെയും കേൾക്കെയും വിശക്കുന്നവരോടും കരയുന്നവരോടും നിങ്ങളാണ് ഭാഗ്യവാന്മാർ എന്ന് പറയുവാൻ യേശുവിനല്ലാതെ മറ്റാർക്കാണ് കഴിയുക!

ലോകത്തിലെ അതിസമ്പന്നരാജ്യങ്ങളിൽ താമസിക്കുന്നവർ ദൈവവേലയ്ക്കായി കൊടുക്കുന്ന ഭീമൻ സമ്പത്ത് സൗകര്യപൂർവ്വം വാങ്ങി വമ്പൻ സെമിനാരികളും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും പണിയുകയും രൂപതയിലെ അച്ചൻമാർക്കായാലും പാസ്റ്റർ, ബ്രദർ മുതലായവർക്കായാലും കൊടുക്കുകയും ചെയ്ത് സുഖലോലുപതയുടെ മട്ടുപ്പാവിൽ ജീവിതം നയിക്കുകയും കോടിക്കണക്കിന് ഡോളർ മുടക്കിപ്പിടിക്കുന്ന സെവൻസ്റ്റാർ ടിവിചാനലുകളിൽ വേദപുസ്തകത്തിൽ ഒരു മുറിവചനം പോലുമില്ലാത്ത കൊന്തകൾ ചൊല്ലിയും പൊരുളായ പുതിയനിയമം അവിടെയിട്ടിട്ട് നിഴലായ പഴയനിയമത്തെയും അത്യാഗ്രഹസുവിശേഷങ്ങളായ പ്രോസ്പിരിറ്റി തിയോളജിയെയും ടൊറൊന്റോ ബ്ലസ്സിംഗിന്റെ ഭാഗമായ ബ്ലെസ്സിംഗ്ടുഡെകളും ഊതി വീഴ്ത്തലുകളും ചെയ്യുന്ന വരോടാണൊ, പള്ളിക്കെട്ടിടങ്ങൾക്ക് വാടക കൊടുക്കു വാനില്ലാത്തവരോടും സ്തോത്രക്കാഴ്ചാപാത്രങ്ങളിലെ പത്ത് രൂപാ നോട്ടുകൾ കണ്ട് ദൈവത്തോട് നന്ദി പറയുന്നതിനിടയ്ക്ക് അറിയാതെ വീണുപോകുന്ന കണ്ണീർക്കണങ്ങൾ പൊഴിക്കുന്ന ആത്മീയനോടാണൊ കർത്താവ് പറയുക നിങ്ങൾ ഭാഗ്യവാന്മാരെന്ന്!

**മത്താ.13-ാം അദ്ധ്യായം**

മനുഷ്യന്റെ ഭൗതീകക്ഷേമം മഹാഭാഗ്യമായി പഴയനിയമത്തിൽ എഴുതി. പഴയനിയമത്തിലെ ദൈവ വചനത്തെ വള്ളിപുള്ളി തെറ്റിക്കുന്നത് മഹാ അപരാധമായും പഴയനിയമത്തിലെഴുതി. സകലതും ദൈവപരിപാലനയെന്നും അങ്ങനെയല്ലാതെ എന്തെങ്കിലും പറയുകയൊ വിചാരിക്കുകയൊ ചെയ്താൽ അവയൊക്കെയും ശാപമെന്നും ആവർത്തനപുസ്തകത്തിലെ 27,28 അദ്ധ്യായങ്ങളിൽ മറ്റ് അദ്ധ്യായങ്ങളെക്കാൾ കൂടുതലായെഴുതി. പക്ഷെ മത്താ.13-ൽ ഒരു പുതിയ അദ്ധ്യാപനമാണ് നമ്മുടെ കർത്താവ് പഠിപ്പിക്കുന്നത്.

വിതക്കാരന്റെ ഉപമയിൽ വിതക്കാരൻ കർത്താവുതന്നെയാണ്. വിത്ത് ദൈവവചനമാണ്. വിതയ്ക്കൽ നമുക്ക് ചെയ്യാവുന്ന സുവിശേഷവത്ക്കരണമാണ്. കേൾവിക്കാരായ വ്യക്തികളുടെ ഹൃദയമാണ് നിലം. വിതയ്ക്കപ്പെട്ട വിത്തുകളിൽ ഒരു ചെറിയ കൂട്ടം മാത്രമാണ് ഫലം പുറപ്പെടുവിച്ചത്. പിശാചും ജഡവും ലോകവുമാണ് വിത്തെല്ലാം ഫലം കായ്ക്കാത്ത വിധത്തിലാക്കിയത്.

വചനം കേട്ട് കടന്നു കടന്ന് പോകുന്ന ഗ്രഹണശക്തിയില്ലാത്തവരാണ് വഴിയരികെ വീണ വിത്തുകൾ. കഠിനഹൃദയരായ, പാപബോധമുണ്ടാകേണ്ടതിന്റെ ആവശ്യം ഒട്ടുമില്ലെന്ന് കരുതുന്നവരായ കേൾവിക്കാർ ആണ് പാറപ്പുറത്ത് വീണ വിത്തുകൾ. ലോകദു:ഖചിന്തകളാൽ നയിക്കപ്പെടുന്ന കേൾവിക്കാരാണ് മുള്ളിനിടയിൽ വീണ വിത്തുകൾ. നല്ല നിലത്തുവീണ വിത്തുകൾ, സത്യസന്ധതയും, വിശുദ്ധിയും ദൈവഭയവും ഉള്ള നല്ല ഹൃദയത്തിന്റെ ഉടമകളായ കേൾവിക്കാരനെ പ്രതിനിധീകരിക്കുന്നു.

(ശേഷം 28-ാം പേജിൽ)


CHURCH OF ETERNITY
Reg.No.170/IV/2010
ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ
ആഭിമുഖ്യത്തിൽ
ദേവസ്യാ മുല്ലക്കരസാർ
നയിക്കുന്ന
അഭിഷേകാഗ്നി 2017
27,28
2017
ഒക്ടോബർ
(വെള്ളി,ശനി)
മൂവാറ്റുപുഴ
10 am to 3 pm
K.M ജോർജ്ജ് മെമ്മോറിയൽ
മുൻസിപ്പൽ ടൗൺഹാളിൽ
സുവിശേഷ പ്രഘോഷണവും
രോഗശാന്തി ശുശ്രൂഷയും
ദേവസ്യാ മുല്ലക്കരസാർ
നേതൃത്വം കൊടുക്കുന്നു
2017 ഒക്ടോബർ 20 ന്
സ്ഥലം
റോക്ക് & വ്യൂ ഹാൾ, കൊളകപ്പാറ
ബത്തേരി,വയനാട്

# testimonies

## അത്ഭുതമേശുവിൻ നാമം!


എന്റെ പേര് ഫിലൊ. ഞാൻ പറവൂരിൽനിന്ന് വരുന്നു. എനിക്ക് ഞരമ്പുസംബന്ധമായ പ്രശ്നമുണ്ടായിരുന്നു. വിവിധങ്ങളായ ചികിത്സകൾ വ്യത്യസ്തങ്ങളായ ആശുപത്രികളിൽ നടത്തിയെങ്കിലും എന്റെ രോഗത്തിൽ നിന്ന് എനിക്ക് വിടുതലില്ലാത്തതു മുഖാന്തരം ഞാൻ കഷ്ടതയിലായിരുന്നു. നടുവേദനയും കൂടാതെ കുനിയുവാനൊ നിവരുവാനൊ ഒന്നിനും കഴിയാത്ത അവസ്ഥ. കൂടാതെ കാൽമുട്ടുകൾക്ക് തേയ്മാനം മുതലായവയും. എന്നാൽ മുല്ലക്കരസാർ നടത്തിയ പ്രാർത്ഥനാശുശ്രൂഷയിൽ പങ്കെടുക്കവേ കർത്താവ് എന്നെ അത്ഭുതകരമായി സുഖപ്പെടുത്തുകയായിരുന്നു. എനിക്കുവേണ്ടി പ്രാർത്ഥിച്ച ഉടൻതന്നെ കുനിയുവാനും നിവരുവാനും ഓടുവാനും ചാടുവാനും ഒക്കെ പറയുകയും ഞാൻ ചെയ്യാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അതിശയമെന്നു പറയട്ടെ എനിക്ക് ലഭിച്ച സൗഖ്യത്തെ ഞാൻ അറിയുകയായിരുന്നു. യേശുക്രിസ്തു ഇന്നും ജീവിക്കുന്നുവെന്നും അവിടുന്ന് എന്നെ ഇത്രയധികമായി സ്നേഹിക്കുന്നുവെന്നും തിരിച്ചറിയാൻ കഴിയാതെപോയ കാലഘട്ടത്തെ ഓർത്ത് ഞാനിന്ന് ദു:ഖിക്കുന്നു. ഇന്ന് ഞാൻ ജീവിക്കുന്ന ദൈവത്തെക്കുറിച്ചും അവിടുത്തെ ശക്തിയെക്കുറിച്ചും അനേകരോട് സാക്ഷ്യപ്പെടുത്തുന്നതിൽ സന്തോഷിക്കുന്നു. ഇനിയും എന്റെ ജീവിതത്തിൽ യേശുവിനെക്കൂടാതെയുള്ള നിമിഷങ്ങളുണ്ടാകാതെയിരിക്കട്ടെ എന്ന് ഞാനാഗ്രഹിക്കുന്നു. നിങ്ങൾ എനിക്കായി പ്രാർത്ഥിക്കുമല്ലൊ.



**ഫിലൊ. പറവൂർ**
**ph:9400449993**

## തലയിലെ മുഴകൾ മാറി!

എന്റെ പേര് ജോൺ. ഞാൻ തൃക്കരിപ്പൂരിൽ നിന്നു വരുന്നു. ഞാൻ ഒരു വർഷംമുമ്പ് സാറിന്റെ പ്രാർത്ഥനയിൽ സംബന്ധിച്ചിരുന്നു. അന്ന് എന്റെ തലയിൽ ഒത്തിരി മുഴകളുണ്ടായിരുന്നു. ഞാൻ അനേകം ഹോസ്പിറ്റലുകളിൽ പോയി ചികിത്സിച്ചു. മംഗലാപുരത്തെ വിവിധ ആശുപത്രികളിലെ ചികിത്സകൾ. പക്ഷെ ഒന്നിനും എന്റെ രോഗത്തിന് ഒരു മാറ്റവും വരുത്തുവാൻ കഴിഞ്ഞില്ല. അങ്ങനെയാണ് സാറിനെക്കുറിച്ചറിഞ്ഞ് പ്രാർത്ഥനയ്ക്ക് വന്നത്. സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രാർത്ഥന കേട്ട ദൈവം എന്റെ തലയിലെ മുഴകളെല്ലാം നീക്കിത്തരികയും ചെയ്തു. ജീവനുള്ള ഒരു ദൈവത്തെ ഞാൻ കണ്ടുമുട്ടുകയായിരുന്നു. ഈ അനുഗ്രഹത്തിന് ഞാൻ കർത്താവിന് നന്ദി പറയുകയും എന്റെ ഈ സാക്ഷ്യം അനേകരുടെ വിശ്വാസവർദ്ധനയ്ക്കായി നൽകുകയും ചെയ്യുന്നു. എന്നെ സൗഖ്യമാക്കിയ ഇന്നും ജീവിക്കുന്ന യേശുവിന് എന്നേക്കും മഹത്വമുണ്ടാകട്ടെ. ദേവസ്യാ സാറിനെയും ടീമിനെയും ദൈവം അത്ഭുതകരമായി വളർത്തുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു.



**ജോൺ തൃക്കരിപ്പൂർ**
**ph:8086652247**

# testimonies



## പ്രവചനപ്രകാരം ജോലി

2016 ഒക്ടോബർ 1-ന് നടന്ന ഒരാഴ്ചത്തെ സാറിന്റെ ധ്യാനത്തിൽ ഞാൻ പങ്കെടുത്തു. ഈ ഫോട്ടോയിൽ കാണുന്ന എന്റെ മകൾ അന്ന് പോളിടെക്നിക്ക് വിദ്യാർത്ഥിനിയായിരുന്നു. അവളുടെ പഠനത്തെക്കുറിച്ച് ഞാൻ സാറിനോട് പറഞ്ഞു. അവൾക്ക് നല്ല ഒരു ജോലി ലഭിക്കുവാൻ വേണ്ടി പ്രാർത്ഥിപ്പിച്ചു. പ്രാർത്ഥനയ്ക്കു ശേഷം സാർ പറഞ്ഞു ദൈവം അനുഗ്രഹിച്ചിട്ടുണ്ട്. കൊച്ചിന് പഠിച്ചിറങ്ങുമ്പോൾതന്നെ ദൈവം നല്ല ഒരു ജോലി തരും. ഞാൻ അത് പൂർണ്ണമായി വിശ്വസിച്ചു. പ്രാർത്ഥനയോട കാത്തിരുന്നു. അത്ഭുതമെന്നു പറയട്ടെ ദൈവത്തിന്റെ കരുതൽ എന്റെയും എന്റെ കുടുംബത്തിന്റെയും മേലുണ്ടായിരുന്നു. സാറിലൂടെ പ്രവചിക്കപ്പെട്ടതുപോലെ മകൾക്ക് ജോലി കിട്ടി. ദൈവം അനുഗ്രഹിച്ചു. അനുഗ്രഹിച്ച ദൈവത്തിനും പ്രാർത്ഥിച്ച സാറിനും നന്ദി പറയുന്നു. യേശുവെ നന്ദി, യേശുവെ സ്തോത്രം.

**സുമ, ഏറ്റുമാനൂർ,**
**ph:9656983276**





**To Help us (only in india)**

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

**ചർച്ച് ഓഫ് ഇറ്റേണിറ്റി**
**A/c No: 1034 0100 205 721**
**ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,**
**എറണാകുളം, IFSC Code : FDRL 000 1034**

**Church of Eternity**
**A/c No: 1034 0100 205 721**
**Federal bank, Trikkakkara Branch**
**Ernakulam, IFSC Code : FDRL 000 1034**

## Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

**ദേവസ്യാ മുല്ലക്കരസാർ**

(24-ാം പേജിൽ നിന്നും തുടർച്ച)

വിതക്കാരന്റെ മാത്രമല്ല കടുകുമണിയുടെയും പുളിമാവിന്റെയും നിധിയുടെയും രത്നത്തിന്റെയും കളകളുടെയും ഒക്കെ ഉപമകളിലൂടെ ദൈവരാജ്യത്തിന്റെ ഏറ്റവും ശക്തവും പുതിയതുമായ അദ്ധ്യാപനമാണ് യേശു നൽകുന്നത്. ഇവിടെയൊക്കെ ദൈവരാജ്യത്തിന്റെ ഒരു സാർവ്വത്രികചിന്തയാണ് നാം കാണുന്നത്. ലോകത്തിൽ കാണപ്പെടുന്നുണ്ടെങ്കിലും ലോകമനുഷ്യരുടെ ദൃഷ്ടിക്ക് അത് കാണപ്പെടുന്നില്ല. മനുഷ്യഹൃദയങ്ങളിലാണ് ദൈവരാജ്യം വളരുന്നതെന്നാണ് മത്താ.13-ാം അദ്ധ്യായം പഠിപ്പിക്കുന്നത്. ദൈവമാണ് ഇത് വളർത്തിയെടുക്കുന്നത്. ആ കാലഘട്ടം പാപികളെയും ചുങ്കക്കാരെയും നികൃഷ്ടരായാണ് കണ്ടത്. പാപികൾക്കും ചുങ്കക്കാർക്കും ഇഷ്ടതോഴനായി നിൽക്കുന്ന യേശുവിൽ നിന്നും ഒരു പുതിയനിയമമൊ ഒരു പുതിയ യുഗമൊ ഉണ്ടാകാൻ ഇടയായാൽ അതിനെ ഒരിയ്ക്കലും സ്വീകരിക്കാത്ത ഫരിസേയരായ യഹൂദർക്ക് അവനെ വകവരുത്തുവോളം ഹൃദയകാഠിന്യം ഉണ്ടെന്നുള്ളത് ലോകരാജ്യത്തിന്റെയും സാത്താന്യ രാജ്യത്തിന്റെയും യഥാർത്ഥമായ മനോഭാവം തന്നെ.

### ധൂർത്തപുത്രൻ

യേശു വളർത്താൻ ആഗ്രഹിക്കുന്ന യഥാർത്ഥ ദൈവരാജ്യത്തിൽ ദൈവത്തിന്റെ അവർണ്ണനീയമായ സ്നേഹം തുള്ളിത്തുളുമ്പി സദാസമയവും നിൽക്കുന്നുണ്ടായിരിക്കും. അവിടെ വലിപ്പചെറുപ്പവ്യത്യാസമൊ സ്ത്രീ പുരുഷ വ്യത്യാസമൊ കാണില്ല. ഉൽക്കർഷതാബോധത്തിന്റെയൊ അപകർഷതാബോധത്തിന്റെയൊ ലാഞ്ചന അല്പം പോലും കാണില്ല. പാപമൊ പിശാചൊ അവിടെയുണ്ടാവുകയില്ല. ലൂക്കോ.15-ലെ അപ്പന്റെ വീട്, ഇളയമകന്റെ അഭാവത്തിൽ യാതൊരു മിണ്ടാട്ടമൊ ആഘോഷങ്ങളുടെ ഏതെങ്കിലും ആർഭാടമൊ ഒട്ടും ഇല്ലാത്തതായിരുന്നു, ആ മകൻ മാനസാന്തരപ്പെട്ട് തിരിച്ചുവരും വരെ. ഒരു വിശുദ്ധന്റെയും കുടുംബം നോക്കുന്നവന്റെയും സന്തത സഹവാസം ജ്യേഷ്ഠ സഹോദരനിലൂടെ ഉണ്ടായിരുന്ന നല്ല സ്റ്റാൻഡേർഡ് ഉള്ള ആ ഭവനം ആഹ്ലാദകാരിയായത് തിരിച്ചുവന്ന ഒരു പാപിയെക്കൂടെ ഉൾപ്പെടുത്തിയ പ്പോഴാണ്. ആ ഭവനം മാനസാന്തരപ്പെട്ട ഒരു പാപിയുടെ തിരിച്ചുവരവോടെ ദൈവരാജ്യമായി മാറുകയാ ണുണ്ടായത്.

### ഉപേക്ഷിക്കപ്പെട്ടവൻ

അപരന്റെ സുഖത്തിനുവേണ്ടി തന്റെ സുഖം മാറ്റിവെച്ചെന്ന് കരുതുക. അപരനെ തന്നെക്കാൾ ശ്രേഷ്ഠനായി, ദിവ്യത്വം കൂടെയുള്ളവനായി യഥാർത്ഥത്തിൽ കണ്ടു എന്ന് കരുതുക. അവനോട് ഔദാര്യം കാണിക്കുവാൻ അവനവനോട് കാർക്കശ്യം കാണിച്ചു എന്ന് വിചാരിക്കുക. അപരനെ സന്തോഷിപ്പിപ്പാൻ അവനവന്റെ ഈഗോകളെയും ഇട്ടുകളെയും സൂപ്പർ ഈഗോകളെയും ഉപേക്ഷിച്ചെന്ന് കരുതുക. അപരന് ഉള്ളതിൽ കൂടുതൽ മേന്മ കൊടുക്കുവാൻ അവന് അല്പം മാത്രമുണ്ടായിരുന്ന മേന്മ ഉപേക്ഷിച്ചുവെന്ന് കരുതുക. അപരന്റെ മുൻവിധികളിൽ അയാൾ സന്തോഷിക്കുവാൻ വേണ്ടി അവനവന്റെ മുൻവിധികളെയും പിൻവിധികളെയും ഉപേക്ഷിച്ചു എന്നും കരുതുക. ഇത്തരം ഒരായിരം ഉപേക്ഷിക്കലുകളുടെ അകത്തളങ്ങളിൽ എഴുന്നള്ളിവരുന്ന കാൽവരിക്രൂശിലെ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടിട്ടും പിതാവിനെ തേടുന്ന, അകം നൊന്തപ്പോഴും പുറത്തേക്ക് ഒരു തുള്ളി കണ്ണുനീരും ഒരിയ്ക്കലും ഒഴുകാത്ത വിധത്തിൽ സ്ഫുടം ചെയ്തെടുത്ത വിശുദ്ധ ആദ്ധ്യാത്മികതയാണ് ദൈവരാജ്യം എന്നു പറയുന്നത്.

### കടങ്ങൾ എങ്ങനെ പൊറുക്കാം. എത്രമാത്രം പൊറുക്കണം

കാപട്യം അല്പവുമില്ലാതെ ഹൃദയത്തുറവിയുണ്ടാകുന്നിടത്ത്, ക്ഷമിക്കാനും സഹിക്കാനും ചിരിക്കാനും സന്തോഷിക്കുവാനും ഇടയാകും. സാമൂഹികലോകവുമായും വ്യക്തികളുമായും ഹൃദയത്തുറവിയോടെ ഒരാൾ ഇടപെടുമ്പോൾ സ്വയങ്ങളെ സ്വയമായി കണ്ടെത്തേണ്ടതായി വരും. നേർക്കാഴ്ചയിൽ അവയൊക്കെയും

Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

എഴുതിത്തള്ളേണ്ടതായി വരും. അപ്പോൾ ഒരു അപരനും മറ്റൊരു അപരനും അവസാനിക്കാത്ത ബന്ധത്തിൽ ആലിംഗനബദ്ധരാകും. അപ്പോഴാണ് കടങ്ങൾ എഴുതിത്തള്ളാനും മർദ്ദിക്കാനുപയോഗിച്ചിരുന്ന കായികബലം ചുമന്നുകൊണ്ടുപോയി രക്ഷ നൽകാൻ മാത്രമുള്ളതാണെന്ന തിരിച്ചറിവും ഉണ്ടാവുക.

മത്താ.5:7-ൽ ''കരുണയുള്ളവർ ഭാഗ്യവാന്മാർ അവർക്ക് കരുണ കിട്ടും'' എന്നത് ദൈവവ്യവസ്ഥ തന്നെയാണ്. ദൈവീക കരുണ, അവരോട് കരുണ കാണിക്കുന്നവർക്കേ ദൈവം കൊടുക്കൂ. മർക്കോ.4:24-ൽ ''നിങ്ങൾ അളക്കുന്ന അളവുകൊണ്ട് നിങ്ങൾക്കും അളന്നുകിട്ടും, അധികമായിട്ടും കിട്ടും.'' ഇതും ദൈവീകവ്യവസ്ഥയമാണ്.

**ഞാൻ സകലതും തന്ന് തീർക്കാം**

അനേകരുടെ രീതി തിരിച്ചുകിട്ടാൻവേണ്ടി കൊടുക്കുക എന്നതാണ്. ഒരുപക്ഷെ കൊടുക്കുന്നതിന്റെ ഒപ്പവും അതിനപ്പുറവും സ്വീകരിക്കുക എന്നതാണ്. എന്നാൽ ദൈവരാജ്യത്തിന്റെ അഥവാ യേശുവിന്റെ ശൈലി ഇങ്ങനെയാണ്. "ഇങ്ങനെ പ്രയത്നം ചെയ്ത് പ്രാപ്തിയില്ലാത്തവരെ സഹായിക്കയും, വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം എന്ന് കർത്താവായ യേശു താൻ പറഞ്ഞ വാക്ക് ഓർത്തുകൊൾകയും വേണ്ടത് എന്ന് ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചിരിക്കുന്നു'' (അപ്പൊ.20:35). മത്താ.18-ൽ ''സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കുതീർപ്പാൻ ഭാവിക്കുന്ന ഒരു രാജാവിനോട് സദൃശം. അവൻ കണക്കുനോക്കി തുടങ്ങിയപ്പോൾ പതിനായിരം താലന്ത് കടപ്പെട്ട ഒരുത്തനെ അവന്റെ യടുക്കൽ കൊണ്ടുവന്നു. അവന് വീട്ടുവാൻ വകയില്ലായ്കയാൽ അവന്റെ യജമാനൻ അവനെയും ഭാര്യയെയും മക്കളെയും അവനുള്ളതൊക്കെയും വിറ്റ് കടം തീർപ്പാൻ കല്പിച്ചു. അതുകൊണ്ട് ആ ദാസൻ വീണ് അവനെ നമസ്ക്കരിച്ചു. യജമാനനെ എന്നോട് ക്ഷമ തോന്നണമെ; ഞാൻ സകലവും തന്ന് തീർക്കാം എന്നു പറഞ്ഞു. അപ്പോൾ ആ ദാസന്റെ യജമാനൻ മനസ്സലിഞ്ഞ് അവനെ വിട്ടയച്ചു. കടവും ഇളച്ചുകൊടുത്തു. ആ ദാസൻ പോകുമ്പോൾ തനിക്ക് നൂറ് വെള്ളിക്കാശ് കടപ്പെട്ട ഒരു കൂട്ടുദാസനെ കണ്ട് തൊണ്ടക്കുപിടിച്ച് ഞെക്കി: നിന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ കൂട്ടുദാസൻ; എന്നോട് ക്ഷമ തോന്നണമെ; ഞാൻ തന്നു തീർക്കാം എന്ന് അവനോട് അപേക്ഷിച്ചു. എന്നാൽ അവൻ മനസ്സില്ലാതെ, ഉടനെ ചെന്ന് കടം വീട്ടുവോളം അവനെ തടവിലാക്കിച്ചു. ഈ സംഭവിച്ചത് അവന്റെ കൂട്ടുദാസന്മാർ കണ്ടിട്ട് വളരെ ദു:ഖിച്ചുചെന്ന് സംഭവിച്ചതൊക്കെയും യജമാനനെ ബോധിപ്പിച്ചു. യജമാനൻ അവനെ വിളിച്ച്: ദുഷ്ടദാസനെ നീ എന്നോട് അപേക്ഷിക്കയിൽ ഞാനാ കടമൊക്കെയും ഇളച്ചുതന്നുവല്ലൊ. എനിക്ക് നിന്നോട് കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോട് കരുണ തോന്നേണ്ടതല്ലയോ എന്ന് പറഞ്ഞു. അങ്ങനെ യജമാനൻ കോപിച്ച് അവൻ കടമൊക്കെയും തീർക്കുവോളം അവനെ ദണ്ഡിപ്പിക്കുന്നവരുടെ കയ്യിൽ ഏല്പിച്ചു. നിങ്ങൾ ഓരോരുത്തൻ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ എന്റെ പിതാവ് അങ്ങനെതന്നെ നിങ്ങളോടും ചെയ്യും'' (മത്താ.18:23-35).

**പാപവിമോചനം**

അതിവിശുദ്ധപാപവിമോചനമാണ് ദൈവം നമുക്ക് നൽകിയിട്ടുള്ള പാപക്ഷമയെന്നത് പരിഗണിക്കുമ്പോൾ നാം എത്രമാത്രം മറ്റുള്ളവരോട് ക്ഷമിച്ചാലും അധികം ആവുകയില്ല എന്ന സത്യമാണ് മേലെഴുതിയ തിരുവചനങ്ങളിൽ നിന്നും ഗ്രഹിക്കുക: ഇത് ദൈവരാജ്യാനുഭവത്തിന്റെ ക്ലൈമാക്സുമാണ്.

മനുഷ്യൻ കുറച്ച് പശ്ചാത്തപിക്കുമെന്നല്ലാതെ സ്വന്തം പാപത്തിനുവേണ്ടി മറ്റെന്താണ് ചെയ്യുവാൻ കഴിയുക. നമ്മുടെ പാപത്തിന്റെ മോചനത്തിനുവേണ്ടി എല്ലാം ചെയ്തത് ദൈവമാണ് (യേശുവാണ്). മനുഷ്യൻ ചെയ്യേണ്ട പരിഹാരമൊക്കെയും യേശു ചെയ്ത് കാൽവരിമരണത്തോട് അനുബന്ധമായി. അതിന്

## Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

ആനുപാതികമായി അവരോടെല്ലാം പൂർണ്ണമായും ക്ഷമിക്കുവാനും സഹകരിക്കുവാനും നമുക്ക് കഴിയണം. കഴിയുന്നില്ല എങ്കിൽ നാം ആരും ദൈവരാജ്യത്തിൽ പ്രവേശിച്ചിട്ടുമില്ല. ദൈവരാജ്യം തന്നെയായ നിത്യതയിൽ ഒട്ട് പ്രവേശിക്കുകയുമില്ല.

**ദൈവം മനുഷ്യന്റെ പടിപ്പുരവാതിൽല്ക്കൽ**

ദൈവരാജ്യാനുഭവത്തിലേക്ക് വന്ന്, അനുതപിച്ച് ക്രിസ്തുവിൽ വിശ്വസിച്ച് സുവിശേഷസത്യങ്ങളിലൂടെ ജീവിച്ച് നിത്യതയും പ്രാപിക്കേണ്ടവനാണ് മനുഷ്യൻ. കാൽവരിയിൽ സകലതും സഹിച്ച് മരിച്ച് ഉയിർത്തെഴുന്നേറ്റ് പിതാവായ ദൈവത്തിന്റെയടുത്തേക്ക് പോയി വിധിയാളനായി ഞെളിഞ്ഞിരിക്കുകയല്ല കർത്താവായ യേശു. "ഇതാ ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ട് വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെയടുത്തേക്ക് വരും" (വെളി.3:20) എന്നു പറഞ്ഞുകൊണ്ട് ദൈവം മനുഷ്യന്റെ പടിപ്പുരയുടെ വാതിൽക്കൽ വന്ന് ഇപ്പോഴും മുട്ടുകയാണ്.

ഈ ദൈവമായ ക്രിസ്തുവിൽ വിശ്വസിക്കുന്നവന് നിതൃത (മരണാനന്തര ദൈവരാജ്യാനുഭവം) അവിശ്വസിക്കുന്നവന് ഈ ലോകജീവിതത്തിൽ ലോകരാജ്യാനുഭവവും സാത്താന്യരാജ്യാനുഭവവും മരണാനന്തരം നരകവും. ഇതിലേതെങ്കിലും ഒന്ന് മനുഷ്യൻ സ്വീകരിക്കട്ടെ.

ബൈബിളിലെ പുതിയനിമയത്തിൽ പൂർത്തീകരിക്കപ്പെട്ടതും, പഴയനിയമത്തിൽ അവിടവിടെയായി നിഴലായി നിഴലിട്ടിരിക്കുന്നതുമായ ദൈവരാജ്യം വേണൊ വേണ്ടയൊ എന്നത് ഒരു ദൈവമല്ല തീരുമാനിക്കേണ്ടത്, മനുഷ്യനാണ്. എല്ലാറ്റിലും എല്ലാം ദൈവമായിത്തീരുന്ന ഒരവസ്ഥയുണ്ടല്ലോ, അതായത്, 1 കൊരി.15:20 മുതൽ 28 വരെയുള്ള വചനങ്ങൾക്കൊടുവിൽ പറയുന്ന യേശുക്രിസ്തുവിനും പിതാവിനും കീഴ്പ്പെട്ട് ത്രീയേക ദൈവത്തിൽ ലയിക്കുന്ന, എല്ലാം ദൈവത്തിന് കീഴാക്കി കൊടുക്കുന്നിടംവരെ തുടരുന്ന ഈ അനന്തമായ പ്രക്രിയ ഓരോ മനുഷ്യനും സഭയിലൂടെ വിശുദ്ധീകരിക്കപ്പെട്ട് വിശുദ്ധീകരിക്കപ്പെട്ട് മറ്റൊരു ക്രിസ്തുവായിത്തീരുന്ന അതിദീർഘമായ ഒരു ആദ്ധ്യാത്മിക സപര്യയാണ് ദൈവരാജ്യാനുഭവം.

**1 കൊരി.13-ാം അദ്ധ്യായം**

1 യോഹ.4:16-ൽ പറയുന്നതുപോലെ ദൈവം സ്നേഹം തന്നെയാണ്. ദൈവം ഭരിക്കുന്ന രാജ്യവും സ്നേഹം തന്നെയായേ പറ്റൂ. 1 കൊരി.13-ാം അദ്ധ്യായത്തിൽ സ്നേഹത്തിന്റെ അപാരശക്തിയെപ്പറ്റി പഠിപ്പിച്ചിട്ടുണ്ടല്ലോ അപ്പൊസ്തലനായ പൗലൊസ്. ദൈവരാജ്യ സങ്കൽപ്പത്തെ അത് ദൈവരാജ്യം തന്നെയൊ, അത്

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

# Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

മനുഷ്യരാജ്യമൊ സാത്താന്യരാജ്യമൊ എന്നു തിരിച്ചറിയുവാനുള്ള ഏക അളവുകോൽ സ്നേഹം എന്നതാണ്. "ഞാൻ മനുഷ്യരുടെയും ദൂതന്മാരുടെയും ഭാഷകൾ സംസാരിച്ചാലും എനിക്ക് സ്നേഹമില്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പൊ ചിലമ്പുന്ന കൈത്താളമൊ അത്രെ. എനിക്ക് പ്രവചനവരമുണ്ടായിട്ട് സകല മർമ്മങ്ങളും സകല ജ്ഞാനവും ഗ്രഹിച്ചാലും മലകളെ നീക്കുവാൻ തക്ക വിശ്വാസമുണ്ടായാലും സ്നേഹമില്ല എങ്കിൽ ഞാൻ ഏതുമില്ല. എനിക്കുള്ളതെല്ലാം അന്നദാനം ചെയ്താലും ഏന്റെ ശരീരം ചുടുവാൻ ഏല്പിച്ചാലും സ്നേഹമില്ല എങ്കിൽ എനിക്കൊരു പ്രയോജനവുമില്ല............"

ദൈവമുള്ളിടത്തേ യഥാർത്ഥ സ്നേഹമുള്ളു. അപ്പോൾ ദൈവരാജ്യം ഒരു യാഥാർത്ഥ്യം ആകണമെങ്കിൽ ദൈവം അവിടെയുണ്ടാകണം. മനുഷ്യൻ നിർബ്ബന്ധമായും ദൈവത്തോട് ബന്ധപ്പെട്ട് നിൽക്കണം. അതു മതി. അല്ലാതെ ദൈവം നിർബ്ബന്ധമായും മനുഷ്യനോട് ബന്ധപ്പെട്ട് നിൽക്കണമെന്നില്ല. പത്രൊസും പൗലൊസും പത്രൊസും പൗലൊസും ആകാൻ ദൈവം വേണം. ദൈവത്തിനൊരിക്കലും ദൈവമാകാൻ പത്രൊസും പൗലൊസും വേണമെന്നില്ല.

ലോകത്തിലെ സാധാരണക്കാരും പാപാന്ധകാര ബന്ധനങ്ങളിലകപ്പെട്ടവരുമായ ആളുകളിൽ നിന്നും ഭക്താഗ്രേസരന്മാരൊക്കെ മാറിമാറിപ്പോകാൻ സാധ്യതയുണ്ട്. അത് പാടില്ല.അങ്ങനെ ദൈവരാജ്യം കെട്ടിപ്പടുക്കുവാൻ ആകുമെന്ന് വ്യാമോഹിക്കരുത്. ജീവിതവും ജീവിതദു:ഖങ്ങളും സമൂഹവും ഒക്കെ ദൈവമനുഷ്യന് ചുറ്റോടുചുറ്റും ഉണ്ടാകണം. മനുഷ്യനെകൂടാതെ ദൈവത്തിനുപോലും ദൈവരാജ്യമാവിഷ്ക്കരിക്കുവാൻ കഴിയുകയില്ല. മണ്ണാണല്ലൊ പ്രപഞ്ചം. പക്ഷെ പ്രപഞ്ചം ദൈവസൃഷ്ടി മാത്രം. മണ്ണിനോടും മണ്ണിലെ മനുഷ്യനോടും ചേരാത്ത ദൈവരാജ്യം എങ്ങനെ ദൈവരാജ്യമാകും? പക്ഷെ ദൈവരാജ്യം ആത്മീയരാജ്യം തന്നെ. ഈ സത്യദൈവം മത്താ.5:45 അനുസരിച്ച് "അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെമേലും തന്റെ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലൊ." ദൈവരാജ്യത്തിന്റെ സ്വഭാവമാണ് മത്താ.5:45-ൽ പറഞ്ഞത്. മനുഷ്യരാജ്യമാണെങ്കിൽ മനുഷ്യർക്കിഷ്ടമുള്ളിടത്ത് മാത്രം എന്തെങ്കിലും ചെയ്തെന്നു വരും. ദൈവത്തിന്റെ അഥവാ ദൈവരാജ്യത്തിന്റെ സ്വഭാവം ഇതിനും അപ്പുറത്തുള്ള സ്നേഹമാണ്.

### ചുങ്കക്കാരുടെയും പാപികളുടെയും സുഹൃത്ത്

ദൈവരാജ്യം തന്നെയായ യേശുവിനെപ്പറ്റി പരദൂഷണം ഇങ്ങനെയായിരുന്നു: "മനുഷ്യപുത്രൻ തിന്നും




| | |
|---|---|
| Weeds among good plants | Mt 13:24-30, 36-43 |
| Growing seed | Mk 4:26-29 |
| Mustard seed | Mt 13:31-32 Mr 4:30-32 Lk13:18-19 |
| Yeast | Mt 13:33 Lk 13:20-21 |
| Hidden treasure | Mt 13:44 |
| Valuable pearl | Mt 13:45-46 |
| Fishing net | Mt 13:47-50 |
| Owner of a house | Mt 13:52 |
| Lost sheep | Mt 18:12-14 |
| The sheep, gate, and shepherd | Jn 10:1-5, 7-18 ) |
| Master and his servant | Lk17:7-10 |
| Unmerciful servant | Mt 18:23-34 |




കുടിച്ചുംകൊണ്ടുവന്നു; തീനിയും കുടിയനുമായ മനുഷ്യൻ; ചുങ്കക്കാരുടെയും പാപികളുടെയും സ്നേഹിതൻ എന്ന് അവർ പറയുന്നു" (മത്താ.11:19). "അവൻ ചുങ്കക്കാരോടും പാപികളോടുംകൂടെ തിന്നുകയും കുടിക്കുകയും ചെയ്യുന്നത് പരീശന്മാരുടെ കൂട്ടത്തിലുള്ള ശാസ്ത്രിമാർ കണ്ടിട്ട് അവന്റെ ശിഷ്യന്മാരോട്: അവൻ ചുങ്കക്കാരോടും പാപികളോടുംകൂടെ തിന്നു കുടിക്കുന്നത് എന്ത് എന്ന് ചോദിച്ചു. യേശു അത് കേട്ട് അവരോട്: ദീനക്കാർക്കല്ലാതെ സൗഖ്യമുള്ളവർക്ക് വൈദ്യനെ ക്കൊണ്ട് ആവശ്യമില്ല. ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രെ വിളിപ്പാൻ വന്നത് എന്നു പറഞ്ഞു" (മർക്കോ.2:16,17). പാപികളോടുള്ള യേശു (ദൈവരാജ്യം) വിന്റെ ബന്ധം എത്ര ആഴത്തിലുള്ളതായിരുന്നു എന്ന സത്യം ഈ തിരുവചന ങ്ങളിലൂടെ നാം അറിയുമ്പോൾ, പാപികളെന്നല്ല, കൊള്ളരു താത്തവരെന്നും തട്ടിപ്പുകാർ, കള്ളന്മാരെന്നും റൗഡികളെ ന്നും വൃത്തികെട്ടവന്മാരു മെന്നൊക്കെ നാം ആരെക്കുറി ച്ചൊക്കെ പറയുന്നുവൊ അവരെയൊക്കെ യേശു എത്രയധി കം കരുതുന്നു; എങ്കിൽ നാമൊ?

**മാനസാന്തരം, നമ്മിൽ?**

ഇവിടെയാണ് നമ്മുടെ മാനസാന്തരം എത്രമാത്രം എന്ന ചിന്ത. കുറച്ചൊ കുറച്ചധികമൊ പാപങ്ങൾ ആരിലും കാണും. ദൈവത്തോട് അവ ഓരോന്നായൊ എല്ലാംകൂടെയൊ ഏറ്റുപറയുന്നത് മാത്രമാണ് മാനസാന്തരം എന്ന് അനേകർ ധരിച്ചിരിക്കുന്നു. ആ വക പാപങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് മാനസാന്തരം എന്ന് അത്തരക്കാർ പിന്നെയും വിചാരിക്കുന്നു. വിശുദ്ധിയും വേർപാടുമെന്ന് അതിനെ അവർ വിചാരിക്കുകയും ചെയ്യുന്നു. മറ്റുള്ളവരിൽ നിന്നും നിന്ദയും പരിഹാസവും ഉണ്ടാകുമ്പോൾ മുഖം കറുപ്പിക്കുകയും ശാസിക്കുക യുമൊക്കെ അങ്ങോട്ടു ചെയ്യുന്നു. അവർ വേണ്ടത്ര പരിഗണിക്കാതെയാകുമ്പോൾ നാം അവർക്കെതിരെ ആയിത്തീരുന്നു. സ്വയം ന്യായീകരിക്കുകയും ചെയ്യുന്നു.

ഇവയെല്ലാം നമ്മുടെ മാനസാന്തരക്കുറവാ ണെന്ന് തിരിച്ചറിയുന്നത് എപ്പോഴാണെന്നോ. മർക്കോ. 2:17 വായിക്കുമ്പോഴാണ്. ''ഞാൻ നീതിമാന്മാരെയല്ല പാപികളെയത്രെ വിളിപ്പാൻ വന്നത്."

**ശബ്ബത്തിൻ കർത്താവ്**

മർക്കോ.2:23 മുതൽ ''അവൻ ശബ്ബത്തിൽ വിളഭൂമിയിൽകൂടി കടന്നുപോകുമ്പോൾ അവന്റെ ശിഷ്യന്മാർ വഴി നടക്കയിൽ കതിർ പറിച്ചുതുടങ്ങി. പരീശന്മാർ അവനോട് നോക്കൂ; ഇവർ ശബ്ബത്തിൽ വിഹിതമല്ലാത്തത് ചെയ്യുന്നത് എന്ത് എന്ന് പറഞ്ഞു. അവൻ അവരോട്: ദാവീദ് തനിക്കും മറ്റുള്ളവർക്കും മുട്ടുണ്ടായി വിശന്നപ്പോൾ ചെയ്തത് എന്ത്? അവൻ അബ്യാഥാർ മഹാപുരോഹിതന്റെ കാലത്ത് ദേവാലയത്തിൽ ചെന്ന്, പുരോഹിതന്മാർക്കല്ലാതെ ആർക്കും തിന്മാൻ വിഹിതമല്ലാത്ത കാഴ്ചയപ്പം തിന്ന് കൂടെയുള്ളവർക്കും കൊടുത്തു എന്ന് നിങ്ങൾ ഒരിയ്ക്കലും വായിച്ചിട്ടില്ലയോ എന്നു ചോദിച്ചു. പിന്നെ അവൻ അവരോട്: മനുഷ്യൻ ശബ്ബത്ത് നിമിത്തമല്ല, ശബ്ബത്ത് മനുഷ്യൻ നിമിത്തമത്രേ ഉണ്ടായത്. അങ്ങനെ മനുഷ്യപുത്രൻ " ശബ്ബത്തിനും കർത്താവാകുന്നു എന്നു പറഞ്ഞു."

**അധരംകൊണ്ടുള്ള സ്നേഹവും ഹൃദയം ദൂരത്തായ അവസ്ഥയും**

മർക്കോ.7-ാം അദ്ധ്യായത്തിൽ നിന്നും കുറിയ്ക്കാം. "യെരൂശലേമിൽ നിന്ന് പരീശന്മാരും ചില ശാസ്ത്രിമാരും അവന്റെ അടുക്കൽ വന്നുകൂടി. അവന്റെ ശിഷ്യന്മാരിൽ ചിലർ ശുദ്ധിയില്ലാത്ത എന്നുവെച്ചാൽ, കഴുകാത്ത കൈകൊണ്ട് ഭക്ഷണം കഴിക്കുന്നത് അവർ കണ്ടു. പരീശന്മാരും യഹൂദന്മാരുമൊക്കെയും പൂർവ്വന്മാരുടെ സമ്പ്രദായം പ്രമാണിച്ച്, കൈ നന്നായി കഴുകിയിട്ടല്ലാതെ ഭക്ഷണം കഴിക്കയില്ല. പാനപാത്രം, ഭരണി, ചെമ്പ് എന്നിവ കഴുകുക മുതലായി പലതും പ്രമാണിക്കുന്നത് അവർക്ക് ചട്ടമായിരിക്കുന്നു. അങ്ങനെ പരീശന്മാരും ശാസ്ത്രിമാരും : നിന്റെ ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം അനുസരിച്ച് നടക്കാതെ ശുദ്ധിയില്ലാത്ത കൈകൊണ്ട് ഭക്ഷണം

## Fundamental Knowledge of True Theology - Chapter : 28

# ദൈവരാജ്യം

ദേവസ്യാ മുല്ലക്കരസാർ

കഴിക്കുന്നത് എന്ത് എന്ന് അവനോട് ചോദിച്ചു". അവൻ അവരോട് ഉത്തരം പറഞ്ഞത്: കപടഭക്തിക്കാരായ നിങ്ങളെക്കുറിച്ച് യെശയ്യാവ് 29:13-ൽ പ്രവചിച്ചത് ശരി. "ഈ ജനം അധരംകൊണ്ട് എന്നെ ബഹുമാനിക്കുന്നു; എങ്കിലും അവരുടെ ഹൃദയം എങ്കൽനിന്ന് ദൂരത്തക ന്നിരിക്കുന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ ഉപദേശിക്കുന്നതുകൊണ്ട് എന്നെ വ്യർത്ഥമായി ഭജിക്കുന്നു" (മർക്കോ.7:1-7).

ദൈവത്തിന്റെ (യേശുവിന്റെ) സാരം അഥവാ ദൈവരാജ്യത്തിന്റെ സാരം ദൈവസ്നേഹവും മനുഷ്യസ്നേഹവും. രണ്ട് റെയിൽപാളങ്ങളുടെ ഒരേ പോലെയുള്ള യാത്രപോലെ ദൈവസ്നേഹവും മനുഷ്യ സ്നേഹവും ഒരുമിച്ചൊന്നായി ഒഴുകുന്നതാണ്. മർക്കോ.12:28 മുതൽ 34 വരെ വചനങ്ങളിൽ "ശാസ്ത്രി മാരിൽ ഒരുവൻ അടുത്തുവന്ന് അവർ തമ്മിൽ തർക്കിക്കു ന്നത് കേട്ട് അവൻ അവരോട് നല്ലവണ്ണം ഉത്തരം പറഞ്ഞ പ്രകാരം ബോധിച്ചിട്ട്: എല്ലാറ്റിലും മുഖ്യകല്പന ഏത് എന്ന് അവനോട് ചോദിച്ചു: അതിന് യേശു എല്ലാറ്റിലും മുഖ്യകല്പനയൊ: "യിസ്രായേലെ കേൾക്കുക; നമ്മുടെ ദൈവമായ കർത്താവ് ഏകകർത്താവ്. നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കണം എന്നാകുന്നു. രണ്ടാമത്തേതൊ കൂട്ടുകാരനെ നിന്നെപ്പോലെതന്നെ സ്നേഹിക്കേണം എന്നത്രെ. ഇവയിൽ വലുതായിട്ട് മറ്റൊരു കല്പനയുമില്ല എന്നു പറഞ്ഞു. ശാസ്ത്രി അവനോട്: നന്ന് ഗുരോ, നീ പറഞ്ഞത് സത്യം തന്നെ; ഏകനേയുള്ളു. അവനല്ലാതെ മറ്റൊരുത്തനുമില്ല. അവനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ സ്നേഹിക്കുന്നതും സകല സർവ്വാംഗഹോമങ്ങളെക്കാളും യാഗങ്ങളേക്കാളും സാരമേറിയതുതന്നെ എന്ന് പറഞ്ഞു. അവൻ ബുദ്ധിയോടെ ഉത്തരം പറഞ്ഞു എന്ന് യേശു കണ്ടിട്ട് നീ ദൈവരാജ്യത്തോട് അകന്നവനല്ല എന്ന് പറഞ്ഞു."

ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കുകയും ഏത് മനുഷ്യനായാലും അയാളെ ഹൃദയപൂർവ്വം സ്നേഹിക്കുകയും ചെയ്യുന്നവർ മാത്രം ദൈവരാജ്യത്തോട് അകന്നവരല്ല. (He said to him "you are not far from the kingdom of God'')

സത്യദൈവത്തെ ആരാധിക്കാൻ നാമെന്തു വേണമെങ്കിലും ചെയ്യും. എന്നാൽ അയൽക്കാരനെ സ്നേഹിക്കുവാൻ നാം ചില വ്യവസ്ഥകളൊക്കെ ചെയ്യും എന്നതാണ് പരിതാപകരമായ അവസ്ഥ. പൗരോഹിത്യ മതവിഭാഗക്കാരും യാഥാസ്ഥിക കമ്മ്യൂണിസ്റ്റുകളും യുക്തിവാദികളുമൊ? അവർ സത്യദൈവത്തെ ബൈബിൾ വിഭാവനം ചെയ്യുന്നതുപോലെയല്ല, ആരാധിക്കുന്നത്, ചിലർ സത്യദൈവത്തെ നിഷേധിക്കുകയും ചെയ്യുന്നു. യഥാർത്ഥ ദൈവാരാധനയും യഥാർത്ഥ മനുഷ്യ സ്നേഹവും രണ്ടും ഒരുപോലെയുള്ളവർ വിരളം, എങ്കിൽ ദൈവരാജ്യം എത്രയോ വിദൂരത്താണ്.


## പ്രിയ വായനക്കാരോട് സ്നേഹപൂർവ്വം

**ആത്മാഭിഷേകം മാസികയുടെ വരിസംഖ്യ പുതുക്കാത്ത വായനക്കാർ അത് മണി ഓർഡർ ആയോ ബാങ്ക് വഴിയോ അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ...**

**Rs.300 ഇന്ത്യയ്ക്കകത്ത്, Rs.2500 ഇന്ത്യയ്ക്ക് വെളിയിൽ.**

സർക്കുലേഷൻ മാനേജർ

(പോസ്റ്റൽ അഡ്രസ്സ്, പേജ് നമ്പർ:13, അക്കൗണ്ട് നമ്പർ, പേജ് നമ്പർ:27)

news

# ലോകാവസാനമുണ്ടാകുമെന്ന് നാസയുടെ വെളിപ്പെടുത്തൽ

മനുഷ്യന്റെ നേട്ടങ്ങളും എല്ലാ ഓട്ടങ്ങളും നിമിഷനേരംകൊണ്ട് നശിക്കും. ഭൂമിയെ വിഴുങ്ങുന്ന നാലിരട്ടി വലിപ്പമുള്ള സുനാമി വരുന്നുണ്ടെന്ന് നാസയുടെ വെളിപ്പെടുത്തൽ. ലോകത്തെ മുഴുവൻ പേടിപ്പിക്കുന്ന പ്രവചനത്തിന് ശാസ്ത്രീയമായ പിൻബലമുണ്ട്. മറ്റൊരു ഗ്രഹത്തിൽനിന്ന് അതിഭീകരമായ വായുപ്രകമ്പനമുണ്ടാകും. അതിലൂടെ ഭൂമിയുടെ അടിത്തട്ടുവരെ ഇളകിയാടും. ഭൂമിയുടെ നാലിരട്ടിയോളം കടൽജലം ഉയർന്നുപൊങ്ങി വെറും നിമിഷങ്ങൾകൊണ്ട് എല്ലാം നശിക്കുമെന്ന് നാസ പറയുന്നു. ഭൂമിയെ നശിപ്പിക്കുവാൻ കാരണമായ സുനാമിയുടെ ആദ്യ കിരണങ്ങൾ ഇപ്പോഴെ ജനനം കൊണ്ടുപോലും! പെർസ്യൂസാ സൗരയൂഥത്തിലാണ് ഭൂമിയെ ഒറ്റയടിക്ക് നശിപ്പിക്കുവാൻ തക്ക ശക്തിയുള്ള കോസ്മിക് സുനാമി രൂപമെടുത്തതായി നാസ്സ പറയുന്നത്. നമ്മുടെ ക്ഷീരപഥത്തിന് തൊട്ടടുത്താണ് പെർസ്യൂസ് സൗരയൂഥം. അതുകൊണ്ടുതന്നെ ഏതു നിമിഷവും ഇത് ഭൂമിക്ക് അഭിമുഖമായി തിരിയാം. പ്രവചനങ്ങൾ പോലും അസാധ്യമാണത്രെ! ഈ കോസ്മിക് സുനാമിയുടെ ഭീകരത അളക്കുന്നതുപോലും സാധ്യമല്ലെന്നാണ് നാസ്സയുടെ ശാസ്ത്രജ്ഞർ പറയുന്നത്. രണ്ടുലക്ഷം പ്രകാശവർഷമാണ് ഈ കോസ്മിക് സുനാമിയുടെ വലിപ്പം. നാളുകൾ ചെല്ലുന്തോറും ഇത് ഭീമാകാരമാകുന്നു. വളർന്ന് വളർന്ന് വൻ വായുമർദ്ദമായി ഭൂമിക്ക് നേർക്ക് വീഴും. റോയൽ അസ്ട്രോണമിക്കൽ ജേർണലിലാണ് നാസ്സയുടെ ഈ ഞെട്ടിക്കുന്ന റിപ്പോർട്ട് അടങ്ങിയിരിക്കുന്നത്. ഇങ്ങനെ സംഭവിച്ചാൽ പ്രപഞ്ചം ആകെ ഒരു പുതിയ ക്രമത്തിലേക്ക് വരും. എല്ലാ ജീവജാലങ്ങളും തകർന്ന് തരിപ്പണമാകുമ്പോൾ അവശേഷിക്കാൻ സാധ്യതയുള്ളത് കടലിലെ ചില ജീവികൾ മാത്രമാണ്. ഭൂമിയുടെ സ്ഥാനത്ത് പിന്നീട് പൂർണ്ണമായി ജലവിതാനമായിരിക്കും. ഇത്തരത്തിൽ ഒരു ഗ്രഹം തന്നെ പിന്നീട് ഉണ്ടാകില്ലത്രേ! അത്ര ഭീകരമാണ് കാര്യങ്ങൾ!! എല്ലാം നടക്കാൻ വെറും സെക്കന്റുകൾ മാത്രം മതിയായേക്കും. ഏതായാലും അന്ധവിശ്വാസികളും ചില ക്രിസ്തുവിശ്വാസികളും ലോകാവസാനത്തെക്കുറിച്ച് പറയുന്നത് ഇപ്പോൾ ലോകത്തിലെ ഏറ്റവും വലിയ ശാസ്ത്രവിഭാഗമായ നാസ്സയും പറയാൻ തുടങ്ങിയിരിക്കുന്നു.



കടപ്പാട്: നാസ്സ ലേറ്റസ്റ്റ് ന്യൂസ് (യുട്യൂബ്)

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLY MAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| ഒക്ടോബർ 15 | കൺവെൻഷൻ.കോഴിക്കോട്. YMCAഓഡിറ്റോറിയം.YMCA ക്രോസ് റോഡ്. Ph:9400784917,9645707908. 10 am-3 pm |
| ഒക്ടോബർ 17-19 | പാസ്റ്റേഴ്സ് കോൺഫറൻസ്, ബത്തേരി. Ph:9446952562 |
| ഒക്ടോബർ 20 | കൺവെൻഷൻ, ബത്തേരി. Ph:9446952562 10 am-3 pm |
| ഒക്ടോബർ 22 | കൺവെൻഷൻ ഏറ്റുമാനൂർ. വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ഒക്ടോബർ 27,28 | കൺവെൻഷൻ, മൂവാറ്റുപുഴ.Ph:9747900499 10 am-3 pm |
| നവംബർ 4 | തൃശ്ശൂർ, കൺവെൻഷൻ, ചേംബർ ഓഫ് കൊമേഴ്സ്ഹാൾ,പാലസ് റോഡ് Ph:9961854203 10 am-3 pm |
| നവംബർ 5 | എറണാകുളം, കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. Ph:9388487301,10 am-3 pm |
| നവംബർ 11 | തിരുവല്ല. ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| നവംബർ 12 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാകോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm |
| | തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ, 2:30 pm-5:30 pm, Ph:9446718242 |

മൂന്നാം ഞായറാഴ്ചകളിൽ കോഴിക്കോടും നാലാം ഞായറാഴ്ചകളിൽ ഏറ്റുമാനൂരും നടത്തി വരുന്ന കൺവെൻഷനുകൾ ദേവസ്യാ സാർ വിദേശത്ത് ആയതിനാൽ നവംബർ മാസത്തിൽ ഉണ്ടായിരിക്കുന്നതല്ല

## 2017 നവംബർ 13 മുതൽ ഡിസംബർ 1 വരെ ദേവസ്യാ മുല്ലക്കരസാർ കുവൈറ്റിലും ബഹ്റിനിലുമായി ശുശ്രൂഷ ചെയ്യുന്നു

# welcome new members






ATHMABHISHEKAM MONTHLY
2017 OCTOBER
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th OCTOBER 2017

## നവദമ്പതികൾ

പാലാരിവട്ടം ചർച്ച് ഓഫ് ഇറ്റേണിറ്റിയിലെ റാണി,
ജോർജ്ജ് ദമ്പതികളുടെ മകനും, സൗദി അറേബ്യയിൽ
ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ ശുശ്രൂഷകനുമായ
പാസ്റ്റർ ആൽവിനും, പാലാരിവട്ടം സഭയിലെ സജീവ്,
അന്നമ്മ ദമ്പതികളുടെ മകൾ റിങ്കു മരിയയും.
ദേവസ്യാ മുല്ലക്കരസാർ ആശീർവദിച്ച
വിവാഹത്തിന് മീഡിയാമിനിസ്ട്രിയുടെ
പ്രാർത്ഥനാശംസകൾ



## ചർച്ച് ഓഫ് ഇറ്റേണിറ്റിയുടെ കേരളത്തിനകത്തും പുറത്തുമായി ശുശ്രൂഷ ചെയ്യുന്ന പാസ്റ്റർമാക്ക് വേണ്ടിയുള്ള




# PASTORS CONFERENCE 2017

**2017 ഒക്ടോബർ**
**17,18,19**

**റോക്ക് & വ്യൂ ഹാൾ**
**കൊളകപ്പാറ**
**ബത്തേരി,വയനാട്**

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).